പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :31

26-2-2008-ൽ മറുപടിയ്ക്ക്

## ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ്.എം.തോമസ് :<br>ശ്രീ.പി.ടി.എ.റഹിം :<br>ശ്രീ.പി.വിശ്വൻ :<br>ശ്രീ.എ.എം.യൂസഫ് :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). |
| (എ) സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി ഇപ്പോൾത്തന്നെ സംസ്ഥാനത്തെ വിവിധ എയർപോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലും പ്രധാന ടൂറിസം കേന്ദ്രങ്ങളിലും സംസ്ഥാന ടൂറിസം വകുപ്പിൻെറ ഇൻഫർമേഷൻ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ ഓഫീസുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വകുപ്പിൻെറ ജില്ലാതല ഓഫീസുകൾ മുഖേനയും ടൂറിസ്റ്റുകൾക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കി വരുന്നു. ഇതു കൂടാതെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും ഇക്കാര്യത്തിൽ സജീവമായ പങ്കാളിത്തം വഹിച്ചു വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം തന്നെ ടൂറിസ്റ്റ് പോലീസിൻെറ സേവനവും |

ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തു പ്രവർത്തിക്കുന്ന കേരള ടൂറിസത്തിൻെറ ഇൻഫർമേഷൻ ഓഫീസുകളും സംസ്ഥാനം സന്ദർശിക്കാനെത്തുന്ന ടൂറിസ്റ്റുകൾക്ക് മുൻകൂട്ടിതന്നെ ടൂറിസ്റ്റ് ഇൻഫർമേഷൻ, താമസ സൗകര്യമൊരുക്കൽ, യാത്രാ സൗകര്യമൊരുക്കൽ എന്നിവയെല്ലാം തന്നെ ലഭ്യമാക്കുന്നു. വിവിധ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻസികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേ സംവിധാനങ്ങൾ, അംഗീകൃത ടൂർ ഗൈഡുകൾ, ഹോസ്പിറ്റലുകൾ, ഇൻഫർമേഷൻ ഓഫീസുകൾ, റസ്റ്റാറൻറുകൾ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രങ്ങളായ ബ്രോഷറുകളും ലഘു ലേഖകളും ഇൻഫർമേഷൻ ഫെസിലിറ്റേഷൻ ഓഫീസുകളിലൂടെ ലഭ്യമാക്കി വരുന്നു. ടൂറിസം വെബ്സൈററിലൂടെ ഏറ്റവും പുതിയ വിവരങ്ങൾ ലഭ്യമാക്കി വരുകയും ചെയ്യുന്നു.

(ബി) ടൂറിസ്റ്റുകളിൽ നിന്നും ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) ടൂറിസ്റ്റുകളിൽ നിന്ന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും ടൂറിസം വകുപ്പിൻെറ ജില്ലാതല ഓഫീസുകളും നിലവിൽ കൈകാര്യം ചെയ്തു വരുന്നു. പരാതിയും നിർദ്ദേശങ്ങളും കൈകാര്യം ചെയ്യുന്നതിനായി ടൂറിസം വകുപ്പിൽ അഡീഷണൽ ഡയറക്ടർ ജനറലിൻെറ

നേതൃത്വത്തിൽ സെൽ പ്രവർത്തിക്കുന്നുണ്ട്. (ടെലഫോൺ നമ്പർ.0471 - 2328790). ജില്ലാ തലത്തിൽ പരാതി, നിർദ്ദേശങ്ങൾ കൈകാര്യം ചെയ്യുന്നതിനായുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ജില്ലാതല ഓഫീസുകൾ ഇതിനായി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

(സി) ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ടാക്സി ഡ്രൈവർമാർ, ആട്ടോറിക്ഷാ ഡ്രൈവർമാർ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ടാക്സി ഡ്രൈവർമാർ, ആട്ടോറിക്ഷാ ഡ്രൈവർമാർ തുടങ്ങിയവർക്ക് നിരവധി പരിശീലന പരിപാടികൾ നടപ്പിലാക്കി കഴിഞ്ഞു. അറുനൂറിൽപ്പരം ഡ്രൈവർമാർക്കായി മൂന്ന് ദിവസം നീണ്ടു നിന്ന " ലെറ്റസ് ലേൺ " എന്ന പരിശീലന പദ്ധതി 2007ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടൽ, എറണാകുളം ട്രാവൻകൂർ കോട്ട്, എറണാകുളം ഗസ്റ്റ് ഹൗസ് എന്നിവടങ്ങളിൽ വച്ച് നടത്തുകയുണ്ടായി. കിറ്റ്സ്, ഐ.എച്ച്.എം.സി.റ്റി. തുടങ്ങിയ പ്രശസ്ത പരിശീലന കേന്ദ്രങ്ങളാണ് ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകിയത്. കേരള ട്രാവൽ ആൻറ് ടൂറിസം സ്റ്റഡീസിൻെറ (കിറ്റ്സിൻെറ) ആഭിമുഖ്യത്തിൽ ടൂറിസ്റ്റുകളുമായുള്ള ആശയ വിനിമയത്തിനുള്ള പരിശീലനം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്

| | | | |
|---|---|---|---|
| | | | എയർപോർട്ടുകളിലെ ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർക്ക് നൽകി. കിറ്റ്സിൻെറ ആഭിമുഖ്യത്തിൽ കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിൽ വച്ച് ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർക്കും ആട്ടോറിക്ഷാ ഡ്രൈവർമാർക്കും ആശയവിനിമയ പരിശീലനം നൽകി. ഇത്തരം പരിശീലന പരിപാടികൾ ഇനിയും തുടരുന്നതാണ്. |
| (ഡി) | വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | (ഡി) | വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പിൽ പ്രത്യേകം 'രൂപീകരിച്ച' ടൂറിസ്റ്റ് പോലീസ് ' സംവിധാനം നിലവിൽ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സീസണിൽ കൂടുതൽ ടൂറിസ്റ്റ് പോലീസിനെ നിയമിക്കുക, പോലീസ് ഹെൽപ്ലൈൻ സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്. പ്രധാനപ്പെട്ട ബീച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലൈഫ് ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 32

## 26.02.2008 - ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ് :<br>പ്രൊഫ: കെ.വി. തോമസ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണമേഖലയിൽ പുതുതായി പ്രൊഫഷണൽ കോളേജുകൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എവിടെയൊക്കെ ഏതെല്ലാം പ്രൊഫഷണൽ കോളേജുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) ഒരോ നിയോജക മണ്ഡലങ്ങളിൽ ഒരോന്നുവീതം, 140 പ്രൊഫഷണൽ കോളേജുകൾ സഹകരണ മേഖലയിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുൻകൈയ്യെടുത്ത് ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിന്റെ ഭാഗമായി കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നേതൃത്വത്തിൽ പുന്നപ്രയിൽ മാനേജ്മെന്റ് സ്കൂൾ, ഫിനിഷിംഗ് സ്കൂൾ, എഞ്ചിനിയറിംഗ് കോളേജ്, ആറന്മുളയിൽ ഒരു എൻഞ്ചിനിയറിംഗ് കോളേജ്, വടക്കൻ പറവൂരിൽ മാനേജ്മെന്റ് സ്കൂൾ, കൊച്ചി സഹകരണ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, ഡെന്റൽ കോളേജ്, സ്കൂൾ ഓഫ് പാരാമെഡിക്കൽ സയൻസ് എന്നിവ കൂടി ആരംഭിക്കുവാ |

നുള്ള നടപടികളും സ്വീകരിച്ചുവരു ന്നു.

കേരള സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിലുള്ള നെയ്യാർ ഡാമിനടുത്തുള്ള കേരള ഇൻസ്റ്റിട്ട്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന സ്ഥാപനത്തിൽ എം.ബി.എ. കോഴ്സുകൾ ഈ വർഷവും എം.സി.എ. കോഴ്സുകൾ, സഹകരണ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ അടുത്ത വർഷവും ആരംഭിക്കുന്നതാണ്. തെക്കൻ സംസ്ഥാനങ്ങൾക്കു പുറമേ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സഹകരണ മേഖലയിലെ പല സംഘങ്ങളും/ബാങ്കുകളും മുന്നോട്ടു വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് മൺവിളയിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മാനേജ്മെന്റ് ടെക്നോളജി (സിമാറ്റ്) എന്ന സ്ഥാപനം ആരംഭിക്കുകയും എം.ബി.എ. എം.സി.എ. കോഴ്സുകൾ പ്രാരംഭമായി തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. എം.ബി.എ. കോഴ്സുകൾ 2008-2009-ൽ ആരംഭിക്കുന്നതാണ്.

എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ജില്ലയിലെ ചില സഹകരണ സ്ഥാപനങ്ങൾ കൂടി യോജിച്ച് Rural Accademy for Management Studies (RAMS) എന്ന സ്ഥാപനം ആരംഭിക്കുകയും, 2008-09-ൽ ടി സ്ഥാപനത്തിൽ

ജ്മെന്റ് പഠന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ എം.ബി.എ. കോഴ്സ് നടത്തുന്നതിനായി ഒരു പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായുള്ള പ്രാരംഭ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ (കൺസ്യൂമർ ഫെഡ്) ആഭിമുഖ്യത്തിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ മാത്തിൽ എന്ന സ്ഥലത്ത് എം.ബി.എ. (Retail Trading) കോഴ്സ് അടുത്ത വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പ്രവേശിക്കുന്നതിനും എം.ബി.എ. ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുമായി ബാങ്കിന്റെ നേതൃത്വത്തിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

കൊല്ലം ജില്ലയിൽ മയ്യനാട് സർവ്വീസ് സഹകരണ ബാങ്കും, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കോഴ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറത്ത് ശ്രീ. മഞ്ഞളാംകുഴി

എം.എൽ.എ.യുടെ നേതൃത്വത്തിൽ സഹകരണ മേഖലയിൽ GEMS (Globel Education and Management Studies) എന്ന സ്ഥാപനത്തിനു കീഴിൽ എൻജിനിയറിംഗ് കോളേജ്, ലോ അക്കാഡമി, എം.ബി.എ. കോളേജ്, ഫാഷൻ ടെക്നോളജി, അടക്കമുള്ള നൂതനമായ ബിരുദങ്ങൾക്കായുള്ള കോളേജുകൾ എന്നിവ തുടങ്ങാനുള്ള പദ്ധതിക്ക് സഹകരണ മന്ത്രിതന്നെ കഴിഞ്ഞ മാസം തറക്കല്ലിട്ടു കഴിഞ്ഞു.

കണ്ണൂരിൽ മാടായിലും, കാസർ ഗോഡ് മഞ്ചേശ്വരം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി സഹ കരണ സംഘങ്ങൾ രൂപീകരിച്ചുകഴി ഞ്ഞു. കാസർഗോഡും, തളിപ്പറമ്പും നിലവിലുള്ള സംഘങ്ങൾ ഇതിനായി മുന്നോട്ടു വന്നിട്ടുണ്ട്. ഇത്തരത്തിൽ എം.പിമാർ, എം.എൽ.എ.മാർ എന്നി വരടക്കമുള്ള ജനപ്രതിനിധികൾ ഈ സംരംഭവുമായി സഹകരിച്ചു മുന്നോട്ടു പോവുകയാണ്. ഇതിനുപുറമെ കൊല്ലം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിനുള്ള അനു വാദത്തിനായി അപേക്ഷകൾ ലഭിച്ചിട്ടു ണ്ട്.

(സി) ഈ സ്ഥാപനങ്ങളിൽ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി ശുപാർശചെ യ്യുന്നതിലധികം ഫീസ് ഈടാക്ക ണമെന്ന നിർദ്ദേശം പരിഗണന യിലുണ്ടോ ;

(സി) ഇല്ല. കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ എഡ്യൂക്കേഷൻ (കേപ്പ്) കീഴിലുള്ള മെഡിക്കൽ എൻജിനിയ റിംഗ് കോളേജുകളിൽ 50% സീറ്റുകൾ സർക്കാർ കോളേജുകളിലെ ഫീസ് നിരക്കും ബാക്കിയുള്ള 50% സീറ്റുക

ർക്ക് (15% NRI ഉൾപ്പെടെ) സർക്കാർ നിശ്ചയിച്ച ഉയർന്ന ഫീസ് നിരക്കുമാണ് ബാധകമാക്കിയിട്ടുള്ളത്.

(vii) ഈ സ്ഥാപനങ്ങളിൽ പ്രസ്തുത കമ്മിറ്റി ശുപാർശചെയ്യുന്ന ഫീസ് മാത്രമേ ഈടാക്കൂ എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

(vii) ബഹു:ഹൈക്കോടതി ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി , കേരള സർക്കാർ എന്നിവ പരസ്പരം കൂടി ആലോചിച്ച് ബഹു: ഹൈക്കോടതി അംഗീകരിക്കുന്ന ഫീസാണ് വാങ്ങുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 33. 26.02.2008 ൽ മറുപടിയ്ക്ക്

## തീവ്രവാദ സംഘടനകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ.ശൈലജ ടീച്ചർ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു<br>മന്ത്രി. |
| എ) സംസ്ഥാനത്ത് തീവ്രവാദ സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;<br><br>ബി) മാവോയിസ്റ്റ്-നക്സൽ പ്രവർത്തകർ മനുഷ്യാ - വകാശ സന്നദ്ധ സംഘടനകളുടെ മറവിൽ നടത്തുന്ന പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;<br><br>സി) ഏതെല്ലാം മേഖലകളിലാണ് ഈ സംഘടനകൾ പ്രവർത്തനം കേന്ദ്രീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | എ, ബി, സി.) തീവ്രവാദ സംഘടനകളുടേയും മറ്റും പ്രവർത്തനം സംബന്ധിക്കുന്ന വിവരങ്ങൾ രഹസ്യ സ്വഭാവമുള്ളവയാകയാൽ അത് വെളിപ്പെടുത്തുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ വെളിപ്പെടുത്താനാവില്ല. എന്നാൽ ഇവയുടെ പ്രവർത്തനം ഗൗരവത്തോടുകൂടി സർക്കാർ നിരീക്ഷിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:34

26.2.2008-ൽ മറുപടിയ്ക്ക്

എല്ലാവർക്കും വീട്

**ചോദ്യം**

ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.എസ്.രാജേന്ദ്രൻ

(എ) എല്ലാവർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ വന്നശേഷം ഓരോ പദ്ധതിയിലുമായി എത്ര വീടുകൾ നിർമ്മിച്ചു നൽകി;

**മറുപടി**

ശ്രീ.ബിനോയ് വിശ്വം
(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) എല്ലാവർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 19/10/2006ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 32/2006/ ഭവനം പ്രകാരം ഒരു കർമ്മസമിതിയ്ക്ക് രൂപം നൽകി. 'കേരള ഭവന നിർമ്മാണ പാർപ്പിട നയം 2007'ന്റെ കരട് രൂപം പ്രസിദ്ധീകരിച്ച് പൊതുജനാഭിപ്രായം കൂടി കണക്കിലെടുത്ത് നയ രൂപീകരണം അവസാന ഘട്ടത്തിലാണ്.

ഈ സർക്കാർ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധം I ൽ കാണാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികളിലൂടെ 74261 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കി യിട്ടുള്ള പദ്ധതികൾക്ക് പുറമെയാണിത്. വിവിധ പഞ്ചായത്തുകൾ നേരിട്ട് നടപ്പിലാക്കുന്ന ഭവന നിർമ്മാണങ്ങളുടെ വിവരങ്ങൾ പ്രത്യേകം പിന്നീട് നൽകുന്നതാണ്.

വിശദവിവരങ്ങൾ അനുബന്ധം IIൽ കാണാവുന്നതാണ്.

(സി) ഭവന നിർമ്മാണ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്.

(സി) കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡവലപ്പ്മെന്റ് മുഖേന നടപ്പിലാക്കുന്ന 'ഇന്ദിര ആവാസ് യോജന' (IAY) പദ്ധതിയ്ക്ക് 75% തുക കേന്ദ്രഗവൺമെന്റ് ധനസഹായം നല്കുന്നു. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന NFWF സ്കീമിന്റെ 50% കേന്ദ്രഗവൺമെന്റ് വിഹിതമാണ്.2006ൽ അവസാനിപ്പിച്ച VAMBAY ഭവന പദ്ധതിയ്ക്ക് 50% കേന്ദ്രഗവൺമെന്റ് ധനസഹായം നൽകിയിരുന്നു.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ വാസയോഗ്യമല്ലാത്ത വീടുകളില്ലാത്ത എത്ര പേർ ഉണ്ട്.

(ഡി) വാസയോഗ്യമായ വീടില്ലാത്തവരുടെ കൃത്യമായ കണക്ക് പഞ്ചായത്തുകളിലെ സമഗ്രപഠനം വഴിയേ ലഭ്യമാകൂ. ഏകദേശം 5 ലക്ഷം വീടുകളാണ് 2007-2012ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് നടന്ന സാമ്പിൾ സർവേയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| ഏറ്റവും ദാരിദ്ര്യം നേരിടുന്ന വിഭാഗങ്ങളിൽ പെട്ടവർ | -4.6 ലക്ഷം |
| ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ | - 1.4ലക്ഷം |
| താഴ് ന്ന വരുമാനക്കാർ | - 2 ലക്ഷം |
| ഇടത്തരം വരുമാനക്കാർ | - 1.5ലക്ഷം |
| ഉയർന്ന വരുമാനക്കാർ | - 0.5ലക്ഷം |

(ഇ) ഇവർക്ക് എന്നത്തേയ്ക്ക് വീടുകൾ ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

(ഇ) 2010ഓടുകൂടി എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നു.

[signature]

## അനുബന്ധം I

സർക്കാർ നടപ്പിലാക്കുന്ന നിലവിലുള്ള ഭവന പദ്ധതികൾ

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന എസ്സ്.സി. ഹൗസിംഗ്, പ്രിമിറ്റീവ് -ട്രൈബ്സ് ഹൗസിംഗ്, സർക്കാർ സബ്സിഡി വർദ്ധിപ്പിച്ച പുതുക്കിയ സുരക്ഷാ ഭവന പദ്ധതി, ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി , നിർമ്മിതികേന്ദ്രം പൂർത്തീകരിച്ചുവരുന്ന എസ്സ്.സി ഹൗസിംഗ്, പ്രിമിറ്റീവ് ട്രൈബ്സ് ഹൗസിംഗ്, ഇതര വകുപ്പുകൾ നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ്, പ്രിമിറ്റീവ് ഹൗസിംഗ്, ഐ.എ.വൈ, ക്രെഡിറ്റ് കം സബ്സിഡി സ്കീം, അപ്ഗ്രെഡേഷൻ സ്കീം, ഭവനശ്രീ, ഇൻകം ജനറേറ്റഡ് സ്കീം, എൻ.എഫ്.ഡബ്ളിയു.എഫ് ഹൗസിംഗ് സ്കീം.

കേരളത്തിലെ മുഖ്യമായും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാർപ്പിടമില്ലാത്തവർക്കുവേണ്ടിയുള്ള പുതിയ ഭവന പദ്ധതിയായ ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

S.O

അനുബന്ധം II

ഈ സർക്കാർ വന്നശേഷം ഓരോ പദ്ധതിയിലുമായി നിർമ്മിച്ചുനൽകിയ വീടുകളുടെ വിശദാംശം

| | ഏജൻസി | പദ്ധതിയുടെ പേര് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | 1. എസ്സ്.സി ഹൗസിംഗ്(SC/ST വകുപ്പിൻെറ സഹകരണത്തോടെ)<br>2. പ്രിമിറ്റീവ് ട്രൈബ്സ് ഹൗസിംഗ് (SC/ST വകുപ്പിൻെറ സഹകണത്തോടെ)<br>3. സുരക്ഷാ ഭവന പദ്ധതി<br>4. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി | 1025<br>107<br>867<br>634 |
| 2 | നിർമ്മിതികേന്ദ്രം | 1. എസ്സ്.സി.ഹൗസിംഗ് (SC/ST വകുപ്പിൻെറ സഹകണത്തോടെ)<br>2. പ്രിമിറ്റീവ് ട്രൈബ്സ് ഹൗസിംഗ് (SC/ST വകുപ്പിൻെറ സഹകണത്തോടെ) | 1075<br>34 |
| 3 | എസ്സ്.ടി.ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ് | 1. ജനറൽ ഹൗസിംഗ്<br>2. പ്രിമിറ്റീവ് ട്രൈബ്സ് ഹൗസിംഗ്<br>3. കോർപ്പസ്സ് ഫണ്ട് | 180<br>127<br>83 |
| 4 | കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡവലപ്പ്മെൻറ് | 1. ഐ.എ.വൈ<br>2. ക്രെഡിറ്റ് കം സബ്സിഡി<br>3. അപ്ഗ്രഡേഷൻ | 33736<br>1427<br>12021 |
| 5 | കുടുംബശ്രീ | ഭവന ശ്രീ | 19931 |
| 6 | കേരള സ്റ്റേറ്റ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഫോർ എസ്സ്.സി/എസ്സ്.ടി | ഇൻകം ജനററേറ്റഡ് സ്കീം | 14 |
| 7 | ഫിഷറീസ് ഡിപ്പാർട്ടുമെൻറ് | എൻ.എഫ്.ഡബ്ളിയു.എഫ് ഹൗസിംഗ് സ്കീം | 3000 |
| | | ആകെ | 74261 |

വിവിധ പഞ്ചായത്തുകൾ നേരിട്ട് നടപ്പിലാക്കുന്ന ഭവന നിർമ്മാണങ്ങളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 35 — 26.2.08 -ൽ മറുപടിക്ക്

## പുതിയ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.എം മാണി. | ശ്രീ .കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി |
| (എ) ഇന്ത്യൻ പ്രസിഡന്റായിരുന്ന ഡോ.എ.പി.ജെ അബ്ദുൾ കലാം വിനോദസഞ്ചാര വികസനത്തിന് വേണ്ടി എന്തെല്ലാം പദ്ധതികൾ കൊണ്ടുവരണം എന്നാണ് നിർദ്ദേശിച്ചിരുന്നത്; | (എ) ഇന്ത്യൻ പ്രസിഡന്റായിരുന്ന ഡോ.എ.പി.ജെ അബ്ദുൾ കലാം കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ പ്രസംഗത്തിൽ കേരളത്തിന്റെ സമഗ്ര വികസനത്തിന് പത്ത് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു. ആരോഗ്യ രംഗത്തും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും മറ്റു വൈജ്ഞാനിക മേഖലകൾക്കും ഊന്നൽ നൽകുന്നതോടൊപ്പം കേരളത്തിൽ അനന്ത സാധ്യതകൾ ഉള്ളതാണ് ടൂറിസം എന്നും ഇതിനുവേണ്ടുന്ന ശ്രദ്ധയും ശ്രമവുമാണ് കൈക്കൊള്ളേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ടൂറിസം വികസന പാതയിൽ മാനവശേഷി വികസനത്തിന് ഉള്ള സ്ഥാനം വളരെ വലുതാണ്. അത് തിരിച്ചറിഞ്ഞ് ഈ രംഗത്ത് കൂടുതൽ മാനവശേഷി വികസനം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. |

| | | | |
|---|---|---|---|
| (ബി) | അതിനായി മുൻ സർക്കാർ തയ്യാറാക്കിയ കേരള മിഷൻ പദ്ധതിയിൽ ഏതെല്ലാം മേഖലയിലാണ് വിനോദസഞ്ചാരത്തിന് ഊന്നൽ നൽകിയിരുന്നത്; | (ബി) | കേരളാ മിഷൻ പ്രകാരം 2006-2007 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിച്ചു. മാലിന്യ നിർമാർജ്ജന പദ്ധതികൾക്കായി 3 കോടി രൂപയും, കിറ്റ്സിന്റെ വികസനത്തിനായി 1 കോടി രൂപയും അനുവദിച്ചു. |
| (സി) | ഇതിൽ മുൻ സർക്കാർ തയ്യാറാക്കി നടപ്പാക്കിത്തുടങ്ങിയ പദ്ധതികൾ ഏതെല്ലാമാണ്; | (സി)യും | കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ പദ്ധതികളൊന്നും നടപ്പാക്കിയിരുന്നില്ല. |
| (ഡി) | അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ? | (ഡി)യും | എന്നാൽ കേരള മിഷൻ പദ്ധതി പ്രകാരം അനുവദിച്ച ഫണ്ടിൽ നിന്നും 6 ടൂറിസം ഡെസ്റ്റിനേഷനുകളിൽ മാലിന്യ നിർമാർജ്ജന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം — 26.02.2008 - ൽ

നമ്പർ : 36 — മറുപടിക്ക്

## ഡിപ്പോ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. കെ.രാജു<br>ശ്രീമതി .ഇ.എസ്. ബിജി മോൾ<br>ശ്രീ. എൻ. അനിരുദ്ധൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കയർ വ്യവസായ രംഗത്ത് വമ്പിച്ച ചൂഷണത്തിന് സാദ്ധ്യത യുണ്ടായിരുന്ന "ഡിപ്പോ" സമ്പ്ര ദായം അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീക രിച്ചു; | (എ) കയറിനും കയറുല്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും തൽഫലമായി കയർ തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കുന്ന തിനും ഇടത്തട്ടുകാരുടെയും ഡിപ്പോകളുടെയും ചൂഷണത്തിൽ നിന്ന് കയർ മേഖലയെ രക്ഷപ്പെടു ത്തുന്നതിനുമായി ചെറുകിട ഉല്പാദകരെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി ക്കൊണ്ട് 12.02.07 - ലെ GO (MS) No. 16/07/ID , 04.07.2007 - ലെ GO (MS) No. 87/07/ID എന്നീ ഉത്തരവുകൾ പ്രകാരം Purchase Price Stabilisation Scheme നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കയർ ഉല്പന്നങ്ങൾ ന്യായവില നൽകി സംഭരിച്ചു വരുന്നു. കയറ്റുമതിക്കാരിൽ നിന്നും കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഓർഡറുകൾ ലഭ്യമാക്കി അംഗീകൃത കൂലി കൊടുക്കുന്നു. ചെറുകിടക്കാർ, കയർ സൊസൈറ്റികൾ, പഞ്ചായത്ത് ഡെവലപ്മെന്റ് സൊസൈറ്റികൾ തുടങ്ങിയവരിൽ നിന്നും അംഗീകരിച്ച വിലയ്ക്ക് ഉല്പന്നങ്ങൾ സംഭരിച്ചു |

| | |
|---|---|
| | നൽകി വരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർഫെഡുമാണ് ഈ പദ്ധതി നടപ്പാക്കാൻ ചുമതലപ്പെട്ട സ്ഥാപനങ്ങൾ. ഇതിനായി ചെറുകിട ഉല്പാദകർക്ക് പ്രത്യേകം രജിസ്ട്രേഷനും പാസ്ബുക്കും നൽകുന്നു. ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കേണ്ടതിനെ സംബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്ത നങ്ങളും നടത്തിയിട്ടുണ്ട്. പദ്ധതി കാര്യക്ഷമായി നടത്തുന്നതിനും കയറിനും കയറുല്പന്നങ്ങൾ ക്കും ന്യായവില നിശ്ചയിക്കുന്നതിനും കയർ സെക്രട്ടറി ചെയർപേഴ്സണായി തൊഴിലാളി സംഘടനാ പ്രതിനിധികൾ, കയറ്റുമതിക്കാരുടെ പ്രതിനിധികൾ, കയർഫെഡ്, കയർ കോർപ്പറേഷൻ, കയർ ബോർഡ്, കയർ ഡയറക്ടറേറ്റ് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ പഞ്ചായത്ത് അധികൃതർ, ഫാക്ടറീസ്, തൊഴിൽ വകുപ്പ്, കയർ വകുപ്പ്, ഇംപ്ളിമെന്റിംഗ് ഏജൻസികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. കയർ കോർപ്പറേഷൻ കയർ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനായി സംഭരണ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചു വരുന്നു. |
| (ബി) ചെറുകിട കയർ ഉല്പാദകരുടെ ഉല്പന്നങ്ങൾ വാങ്ങുവാൻ ആവശ്യമായ ഓർഡറുകൾ നൽകുവാൻ കഴിയുംവിധം കയർ കോർപ്പറേഷനെ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) ചെറുകിട ഉല്പാദകർക്ക് ആവശ്യമായ ഓർഡറുകൾ നൽകി ന്യായവില ഉറപ്പു വരുത്തി ഉല്പന്നങ്ങൾ വാങ്ങുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതിയാണ് 'പർച്ചേയ്സ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം'. ഇതിന്റെ നടത്തിപ്പിനായി സർക്കാർ 725 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയും അതിനു വേണ്ടി അനുവദിച്ച പണവും കയർ കോർപ്പറേഷനെ കൂടുതൽ ശക്തിപ്പെടുത്തുന്നതും ചെറുകിട ഉല്പാദകന് കൂടുതൽ സഹായകരമാകുന്നതുമാണ്. ഡിപ്പോകൾ അവസാനിപ്പിക്കാൻ സർക്കാർ നടപടികൾ മാത്രം പോര. ശക്തമായ സാമൂഹ്യ ഇടപെടലും ആവശ്യമാണ്. ഇത് |

| | |
|---|---|
| | ശക്തിപ്പെടുമ്പോൾ കയർ കോർപ്പറേഷൻ വഴി ഉല്പന്നങ്ങൾ ശേഖരിക്കാൻ കയറ്റുമതിക്കാർ നിർബന്ധിതരാകും. അതുവഴി കയർ കോർപ്പറേഷന് ചെറുകിട ഉല്പാദകരെ നല്ലനിലയിൽ സഹായിക്കാൻ കഴിയും. |
| (സി) പ്രാഥമിക സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയറും കയർ ഉല്പന്നങ്ങളും വാങ്ങി സംഭരിച്ച് വിതരണം ചെയ്യേണ്ട കയർ ഫെഡ് പ്രസ്തുത ചുമതല നിർവ്വഹിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ഈ പരാതി പരിഹരിക്കുന്നതിനും കയർഫെഡിനെക്കൊണ്ട് ചുമതല കാര്യക്ഷമമായി ചെയ്യിക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 7.38 കോടി രൂപയുടെ കയറും 4.43 കോടി രൂപയുടെ കയറുല്പന്നങ്ങളും കയർഫെഡ് അംഗസംഘങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയറും കയറുല്പന്നങ്ങളുമാണ് കയർ ഫെഡ് വാങ്ങി വിപണനം നടത്തുന്നത്. കയർ ഫെഡിന്റെ പുനരുദ്ധാരണത്തിനായി 800 ലക്ഷം രൂപയുടെ പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഈ സാമ്പത്തിക വർഷം തന്നെ തുക അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ പ്രോജക്ട് നടപ്പിലാക്കുന്നതോടെ കയർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുകയും അംഗസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന വിപണിക്കാവശ്യമായ മുഴുവൻ കയറും കയർ ഉല്പന്നങ്ങളും വാങ്ങി സംഭരിച്ച് വിപണനം നടത്താൻ കഴിയുന്നതുമാണ്.<br><br>[signature]<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37 — 26-02-2008 ന് മറുപടിക്ക്

## തേയില റബ്ബർ തോട്ടങ്ങൾ ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>,, ആര്യാടൻ മുഹമ്മദ്:<br>,, എം.എ. വാഹിദ്:<br>,, എം.മുരളി: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| (എ) ഇ.എഫ്.എൽ. ആക്ടനുസരിച്ച് എത്ര തേയിലത്തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും ഏറ്റെടുത്തിട്ടുണ്ട്; | (എ) 2003 - ലെ കേരള വനം (പരിസ്ഥിതി ശാസ്ത്ര പരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് അനുസരിച്ച് തേയിലതോട്ടങ്ങളും റബ്ബർ തോട്ടങ്ങളും സർക്കാർ ഏറ്റെടുത്തിട്ടില്ല. എന്നാൽ പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്ത ചില സ്ഥലങ്ങളിൽ ഭാഗികമായി റബ്ബർ, തേയില കൃഷി ഉണ്ടായിരുന്നു. |
| (ബി) ഇവ ഏതെല്ലാം ജില്ലകളിലാണെന്നും; അവ ഏതെല്ലാം തോട്ടങ്ങളാണെന്നും വ്യക്തമാക്കുമോ; | (ബി) ഭാഗികമായി തേയില, റബ്ബർ കൃഷിയുള്ള, വിജ്ഞാപനം ചെയ്ത സ്ഥലങ്ങൾ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലാണ്. ആയതിൻെറ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ. നം | ജില്ല | തോട്ടത്തിൻെറ പേര് | വിസ്തീർണ്ണം(ഹെക്ടർ) | റിമാർക്സ് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ബോണക്കാട് | 45.9008 | |
| 2 | തിരുവനന്തപുരം | മെർക്കിസ്റ്റൺ എസ്റ്റേറ്റ് | 234.3500 | |
| 3 | തിരുവനന്തപുരം | പൊൻമുടി എസ്റ്റേറ്റ് | 353.2650 | |
| 4 | തിരുവനന്തപുരം | റോക്ക് വുഡ് എസ്റ്റേറ്റ് | 12.4302 | |
| 5 | തിരുവനന്തപുരം | ഇൻവർക്കാട് എസ്റ്റേറ്റ് | 36.9033 | |

--2--

| | | | | |
|---|---|---|---|---|
| 6 | ഇടുക്കി | | 7 ബിറ്റുകളിലായി 7.35 | വില്ലേജ് രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണം 4.77 ഹെക്ടറാണ്. |
| 7 | പാലക്കാട് | ജി.പി.നായർ എസ്റ്റേറ്റ് (65.56 ഹെ) | 16 ബിറ്റുകളിലായി 166.7996 | |
| 8 | മലപ്പുറം | | 2 ബിറ്റുകളിലായി 224.1060 | |
| 9 | വയനാട് | | 10.0000 | |

(സി) നിലവിലുള്ള ഏതെങ്കിലും തേയിലത്തോട്ടങ്ങൾ ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡായുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ തോട്ടങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൃശ്ശൂർ ജില്ലയിൽ വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിൽ ടാറ്റാ റ്റീയുടെ വക തോട്ടം ഇ.എഫ്. എൽ ആക്ടിന്റെ പരിധിയിൽ പെടുന്നതാണോ എന്ന് പരിശോധിച്ച് വരുന്നു.

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണെടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 38

26. 2. 2008 - ൽ മറുപടിക്ക്

### " കുറ്റകൃത്യങ്ങളുടെ എണ്ണം "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) കേരളത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായുള്ള നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഏതു ജില്ലയിലാണ് ഏറ്റവും കൂടുതൽ അക്രമ സംഭവങ്ങൾ നടക്കുന്നതെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) 2006 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടന്നത് തൃശ്ശൂർ, പാലക്കാട് ജില്ലകളിലും ( 44 ) ഏറ്റവും കൂടുതൽ കൊലപാതക ശ്രമങ്ങൾ നടന്നത് തൃശ്ശൂർ ജില്ലയിലും ( 48 ) ഏറ്റവും കൂടുതൽ ഹർട്ട് നടന്നിട്ടുള്ളത് കൊല്ലം ജില്ലയിലുമാണ്. |
| (സി) വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും, സ്ഥിരം കുറ്റവാളികളെ തടങ്കൽ നിയമത്തിൻ കീഴിൽ കസ്റ്റഡിയിൽ വയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ ? | (സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് പെട്രോളിംഗ്, ബീറ്റ് ഡ്യൂട്ടികൾ ശക്തമാക്കിയും സംശയമുള്ളവരുടെ പേരിൽ മുൻകരുതൽ നടപടികൾ സ്വീകരിച്ചും വരുന്നു. സ്ഥിരം കുറ്റവാളികൾക്കെതിരെ 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട് പ്രകാരവും മറ്റു നിയമങ്ങൾ അനുസരിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 39 · 26.02.2008-ൽ മറുപടിക്ക്.

# തീരദേശ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. എം. ജെ. ജേക്കബ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രഗവൺമെന്റ് കേരളത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുകയുണ്ടായി. അവ താഴെ പറയുന്നവയാണ്: |

| | | |
|---|---|---|
| 1. | വിഴിഞ്ഞം | തിരുവനന്തപുരം |
| 2. | നീണ്ടകര | കൊല്ലം |
| 3. | തോട്ടപ്പള്ളി | ആലപ്പുഴ |
| 4. | ഫോർട്ട്കൊച്ചി | എറണാകുളം |
| 5. | അഴിക്കോട് | തൃശ്ശൂർ |
| 6. | ബേപ്പൂർ | കോഴിക്കോട് |
| 7. | അഴീക്കൽ | കണ്ണൂർ |
| 8. | ബേക്കൽ (തലങ്ങര) | കാസർഗോഡ് |

(Ctnd.........2/-)

(ബി) തീരദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ ഏതെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

: (ബി) കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തീരദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) ഏതെല്ലാം പ്രദേശങ്ങളിൽ പുതുതായി തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് ;

: (സി) നീണ്ടകര തീരദേശ പോലീസ് സ്റ്റേഷൻ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. മറ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) ഇവിടെ നിയമിക്കുന്ന പോലീസുകാർക്ക് കടലിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുമോ ?

: (ഡി) പരിശീലനം നൽകുന്നുണ്ട്. കൊച്ചിയിലെ കോസ്റ്റ് ഗാർഡ് ട്രെയിനിംഗ് സെന്ററിന്റെ സേവനം ഈ ആവശ്യത്തിനായി ഇപ്പോൾ വിനിയോഗിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 40. 26.02.2008 ൽ മറുപടിയ്ക്ക്

## നക്സൽ ഭീഷണി

**ചോദ്യം**

ശ്രീ. ബി. ബാബു പ്രസാദ്:

**ഉത്തരം**

ശ്രീ . കോടിയേരി ബാലകൃഷ്ണൻ
ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി.

എ) സംസ്ഥാനത്ത് നക്സൽ ഭീഷണികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും നക്സലൈറ്റുകൾ കേരളത്തിലേക്ക് കടക്കുവാനും സംസ്ഥാനത്ത് നക്സൽ പ്രവർത്തനം നടത്തുവാനും സാദ്ധ്യതയുള്ളതായി സംശയിക്കുന്നുണ്ട്. ഇത് നിയന്ത്രിക്കാൻ അപ്പപ്പോൾ ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ രഹസ്യാന്വേഷണ വിഭാഗത്തെ ഇത്തരം പ്രസ്ഥാനങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുവാനും വിവരങ്ങൾ ശേഖരിക്കുന്നതിനും ഊർജ്ജസ്വലമാക്കിയിട്ടുണ്ട്.

ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള നക്സലൈറ്റുകൾ ഇവിടെ സന്ദർശനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നക്സലുകളുടെ വിവരം ലഭിച്ചിട്ടുണ്ടോ?

സി) രഹസ്യസ്വഭാവമുള്ള ഇത്തരം അന്വേഷണത്തെ കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നത് രഹസ്യാന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആയതിനാൽ വെളിപ്പെടുത്താനാകില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 41 26-02-2008 - ൽ മറുപടിക്ക്

## പ്രതിപക്ഷ നേതാവിനെതിരെ അക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. എം. മുരളി<br>ശ്രീ. വർക്കല കഹാർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കാസർകോഡ് ജില്ലയിലെ ഉദുമയിൽ പ്രതിപക്ഷ നേതാവ് പങ്കെടുത്ത പൊതുയോഗത്തിൽ അക്രമം നടത്തുകയും അദ്ദേഹത്തെ ആക്രമിക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ആരെയാണ് ചുമലതപ്പെടുത്തിയിരിക്കുന്നത്; | എ) കണ്ണൂർ മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറലിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത സംഭവത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത രണ്ട് ക്രിമിനൽ കേസുകൾ (ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 89/08, ക്രൈം നം. 90/08) കാഞ്ഞങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. എൻ.പി. ബാലകൃഷ്ണൻെറ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണം സംഘമാണ് അന്വേഷണം നടത്തി വരുന്നത്. |
| ബി) ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | ബി) ലഭിച്ചിട്ടില്ല. |
| സി) ഈ റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | സി) ഉദിക്കുന്നില്ല. |
| ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും അവർ ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണെന്നും അറിയിക്കുമോ ; | ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട് 20 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ക്രൈം നം. 89/08 കേസ്സിൽ 8 യു.ഡി.എഫ്. പ്രവർത്തകരെയും ക്രൈം നം. 90/08 കേസ്സിൽ 12 സി.പി.എം. പ്രവർത്തകരെയും അറസ്റ്റു ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| ഇ) | ഉന്നതരായ ജനപ്രതിനിധികൾക്കെതിരെ ഉണ്ടാകുന്ന ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ? | ഇ) ഉന്നതരായ ജനപ്രതിനിധികൾക്കെതിരെ അക്രമ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് പോലീസ് നിതാന്ത ജാഗ്രത പുലർത്തി വരുന്നുണ്ട്. സുരക്ഷാ ഭീഷണിയുള്ള ഘട്ടങ്ങളിൽ ഇവർക്ക് ആവശ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്. കൂടാതെ സ്പെഷ്യൽ ബ്രാഞ്ചിൻെറ സേവനവും ഉപയോഗിച്ചു വരുന്നുണ്ട്. |

Shameem

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :42

26-2-2008-ൽ മറുപടിയ്ക്ക്

ടൂറിസവും സ്ത്രീ ശാക്തീകരണവും

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി :
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :
ശ്രീമതി.ജെ.അരുന്ധതി :
ശ്രീമതി.കെ.എസ്.സലീഖ :
ശ്രീമതി.കെ.കെ.ലതിക :

ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി).

(എ) ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതികൾ സ്ത്രീ ശാക്തീകരണത്തിന് എന്തു മാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) ടൂറിസം വകുപ്പ് ആവിഷ്കരിച്ച ഉത്തരവാദിത്വ ടൂറിസം, ക്ലീൻ ഡസ്റ്റിനേഷൻ കാമ്പയിൻ, സുവനീർ ഇൻഡസ്ട്രി എന്നീ പുതിയ പദ്ധതികൾ സ്ത്രീകൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണ്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് നടത്തിവരുന്ന ഇത്തരം പദ്ധതികൾ സ്ത്രീകൾക്ക് സ്വയമായി വരുമാനം കണ്ടെത്താൻ കഴിയുന്നതാണ്.

(ബി) ടൂറിസം രംഗത്ത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ടോ ;

(ബി) പ്രത്യേക ടൂറിസ്റ്റുകേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന ക്ലീൻ ഡസ്റ്റിനേഷൻ കാമ്പയിൻ എന്ന പദ്ധതി മുഖാന്തിരം കേരളമാകമാനം 1500 ഓളം കുടുംബശ്രീ പ്രവർത്തകരായ

| | |
|---|---|
| | വനിതകൾക്ക് സ്ഥിരം വരുമാനം ലഭിച്ചു വരുന്നുണ്ട്. |
| (സി) ഗ്രാമീണ ടൂറിസം, കരകൗശലം എന്നിവയുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) ഗ്രാമീണ ടൂറിസം, കരകൗശലം എന്നിവയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിൻെറ കീഴിൽ 'സുവനീർ ഇൻഡസ്ട്രി' എന്ന പുതിയ പദ്ധതി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. |
| (ഡി) ഉത്തരവാദിത്വ ടൂറിസം രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഡി) ആവിഷ്കരിച്ചിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസത്തിൻെറ ഒന്നാം ഘട്ടം നടപ്പിലാക്കി വരുന്ന കോവളം, കുമരകം, തേക്കടി, വയനാട് എന്നീ നാല് ടൂറിസം കേന്ദ്രങ്ങളിലെ ഹോട്ടലുകൾക്ക് ആവശ്യമായ ഉൽപന്നങ്ങൾ പ്രാദേശികമായി ശേഖരിച്ചും ഉൽപാദിപ്പിച്ചും വിതരണം നടത്തുന്നതിന് വേണ്ടിയുള്ള പദ്ധതി കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനത്തിലൂടെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ-43 26-2-2008 ൽ മറുപടിയ്ക്ക്.

# ജയിൽ നവീകരണം

ചോദ്യം

ശ്രീ. വി.ശിവൻകുട്ടി :

ശ്രീ. ബാബു.എം. പാലിശ്ശേരി :

ശ്രീ.വി.ചെന്താമരാക്ഷൻ :

ശ്രീ. കെ.ടി.ജലീൽ:

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

(ബഹു; ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). ജയിലുകളുടെ നവീകരണത്തിനും, സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ). ജയിലുകളുടെ നവീകരണത്തിനും, സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്. |
| (ബി). പുതുതായി ജയിലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ബി). ഉണ്ട്. അവ താഴെപ്പറയുന്നവയാണ്.<br>1. സബ്ജയിൽ , തിരുവനന്തപുരം<br>2. സബ്ജയിൽ, കാക്കനാട്, എറണാകുളം<br>3. സബ്ജയിൽ, വിയ്യൂർ, തൃശൂർ<br>4. സബ്ജയിൽ, കണ്ണൂർ<br>5. സബ്ജയിൽ, കോഴിക്കോട്<br>6. വനിതാജയിൽ, കണ്ണൂർ<br>7. സബ്ജയിൽ , മാനന്തവാടി<br>8. സബ്ജയിൽ, തൊടുപുഴ |
| (സി). ദീർഘകാല തടവുകാർക്കൊപ്പം വിചാരണത്തടവുകാരെ പാർപ്പിക്കേണ്ടിവരുന്ന അവസ്ഥ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; | (സി). പുതിയ ജയിലുകൾ, ബ്ലോക്കുകൾ, ബാരക്കുകൾ എന്നിവയുടെ പണി പൂർത്തിയാകുമ്പോൾ ദീർഘകാല തടവുകാരോടൊപ്പം വിചാരണ തടവുകാരെ പാർപ്പിക്കുന്ന അവസ്ഥ ഇല്ലാതാവുന്നതാണ്. നിലവിലുള്ള സംവിധാനത്തിലും ദീർഘകാല തടവുകാരോടൊപ്പം വിചാരണ തടവുകാരെ പാർപ്പിക്കുന്നത് കഴിയുന്നത്ര ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി). ദീർഘകാലമായി ജയിലിൽ കഴിയുന്നവരെ മോചിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി). ദീർഘകാലമായി ജയിലുകളിൽ കഴിയുന്ന ശിക്ഷാ തടവുകാരുടെ മോചനം സംബന്ധിച്ച് ശുപാർശ നടത്തുന്നതിനായി |

| | |
|---|---|
| | ജയിൽ ഉപദേശക സമിതി, പ്രിസൺ റിവ്യൂ കമ്മിറ്റി എന്നിവ പുന:സംഘടിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ജയിൽ ഉപദേശകസമിതിയുടെ ശുപാർശപ്രകാരം തടവുകാർക്ക് അകാലവിടുതൽ നൽകിവരുന്നുണ്ട്. പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളൂ.<br>ഇതു കൂടാതെ 10 വർഷവും അതിനു മേലും യഥാർത്ഥ ശിക്ഷ അനുഭവിച്ച തടവുകാർക്ക് നിബന്ധനകൾക്കു വിധേയമായി മോചനം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ആഫീസർ.

## അനുബന്ധം.

## ജയിൽ നവീകരണത്തിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ

### 1. ജയിലുകൾക്കായി പുതിയ വാഹനങ്ങൾ.

തടവുകാർക്ക് ആവശ്യമായ വൈദ്യസഹായം എത്തിക്കുന്നതിനും , ആഹാരം, പലവക സാധനങ്ങൾ ജയിലിലെത്തിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി 89.79 ലക്ഷം രൂപ ചെലവുചെയ്തു ആംബുലൻസുകൾ, ജീപ്പുകൾ, മോട്ടോർ സൈക്കിളുകൾ എന്നിവ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

### 2. ജയിലുകളുടെ കമ്പ്യൂട്ടർവൽക്കരണം.

ബഡ്ജറ്റ് വിഹിതവിനിയോഗം, ചിലവുകളുടെ പരിശോധന , ട്രഷറി ബില്ലുകളുടെ തയ്യാറാക്കൽ , തടവുകാരുടെ സ്ഥിതിവിവരങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 25 ലക്ഷം രൂപ വിനിയോഗിച്ച് ജയിലുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപടികൾ നടന്നുവരുന്നു.

### 3. ബയോഗ്യാസ് സംവിധാനം

ജയിലുകളിൽ മാലിന്യനിർമ്മാർജനം , ശുചിത്വപരിപാലനം എന്നിവ ലക്ഷ്യമാക്കി 29.58 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ ജയിലുകളിൽ ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്നു.

### 4. എൽ.പി.ജി. സംവിധാനം

3 ലക്ഷം രൂപ ചെലവുചെയ്ത് ജയിലുകളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് ജയിലുകളിൽ എൽ.പി.ജി സംവിധാനം ഏർപ്പെടുത്തുന്നു. (ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്)

### 5. ഇൻവെർട്ടർ സംവിധാനം

വൈദ്യുതി തടസ്സം ഉണ്ടാകുമ്പോൾ വിളക്കുകൾ തെളിയിക്കാൻ 1.4 ലക്ഷം രൂപ ചെലവഴിച്ച് ഇൻവെർട്ടറുകൾ സ്ഥാപിക്കുന്നു.

### 6. ഊർജ്ജ സംരക്ഷണം

ജയിലുകളിലെ വൈദ്യുതി ഉപയോഗം കുറയ്ക്കാനായി സാധാരണ ബൾബുകൾ മാറ്റി 10 ലക്ഷം രൂപ വിനിയോഗിച്ച് സി.എഫ് ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

7. വാർത്താ/വിവര/വിനിമയം

ജയിലുകളും ജയിൽ ആസ്ഥാനകാര്യാലയവുമായുള്ള വാർത്താ/വിവര/വിനിമയം മെച്ചപ്പെടുത്താൻ  3 ലക്ഷം രൂപ ചെലവ് ചെയ്ത് ഫാക്സ് മെഷീനുകൾ സ്ഥാപിച്ചു .

8. ജയിലുകളുടെ അറ്റകുറ്റപ്പണികൾ

ജയിലുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ചെറിയ മരാമത്ത് പണികൾക്കുമായി 80 ലക്ഷം രൂപ വിനിയോഗിക്കുന്നു.

9. കേന്ദ്രഗവൺമെന്റ് സഹായത്തോടു കൂടിയ പദ്ധതികൾ

75% കേന്ദ്രഗവൺമെന്റ് സഹായത്തോടെ നിലവിലുള്ള ജയിലുകളിൽ പുതിയ ബ്ളോക്കുകൾ ബാരക്കുകൾ , ജീവനക്കാർക്കുള്ള പാർപ്പിടങ്ങൾ എന്നിവയുടെ നിർമ്മാണം കുടിവെള്ള സൗകര്യം ശുചിത്വപരിപാലനം എന്നിവയ്ക്കായി 19.65 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

10. വീഡിയോ കോൺഫറൻസ് സംവിധാനം

തിരുവനന്തപുരം ജില്ലയിലെ പ്രധാന ജയിലുകൾ , കോടതികൾ എന്നിവയെ ബന്ധിപ്പിച്ചു കൊണ്ട് വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ക്രിമിനൽ നടപടി ക്രമങ്ങളിൽ ആവശ്യമായ ഭേദഗതി നടപ്പിലായാൽ ഈ സംവിധാനം വഴി റിമാന്റ് തടവുകാരുടെ റിമാന്റ് നീട്ടൽ നടപടികൾ നടത്തുന്നതാണ്. ഇതു് കൂടാതെ കോട്ടയം, തൃശൂർ, എറണാകുളം ജില്ലകളിൽ ഈ സംവിധാനം ഏർപ്പെടുത്തുകയാണ്. ഇന്ത്യാ ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് ഉപകരണങ്ങൾ സ്ഥാപിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 44 26.02.2008 ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഫീസ് ആനുകൂല്യങ്ങൾ**

| ചോദ്യം<br>ശ്രീ. എ.എ. അസീസ് : | ഉത്തരം<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ എയിഡഡ് കോളേജു കളിലെ സ്വാശ്രയ കോഴ്സുകളിൽ പഠനം നടത്തിവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും ഫീസ് ആനുകൂല്യം കൃത്യമായി നൽകി വരുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഏതെങ്കിലും വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇനിയും അനുവദിക്കാനുണ്ടോ ; | (ബി) എന്നാൽ 2005 ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഈ മേഖലയിലെ ഫീസാനുകൂല്യം ലഭ്യമാക്കുന്നതിന് തടസ്സം ഉണ്ടായിരുന്നു. ഇപ്പോൾ അത് ഒഴിവാക്കി ഗവൺമെന്റ് നിശ്ചയിച്ച നിരക്കിൽ ഫീസാനുകൂല്യം കൊടുത്തു വരുന്നുണ്ട്. |
| (സി) സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കുടിശ്ശികയുള്ള ഫീസ് ആനുകൂല്യം ലഭ്യമാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 45 26-02-2008 ൽ മറുപടിയ്ക്ക്

## വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ പി. ജയരാജൻ<br>ശ്രീ എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ.എ. പ്രദീപ് കുമാർ | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലഭ്യമാകുന്ന എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്താൻ ലക്ഷ്യം വയ്ക്കുന്നു. 10-ാം പഞ്ചവത്സര പദ്ധതിയിലുൾപ്പെട്ടതും ഇപ്പോൾ പണി നടന്നുവരുന്നതുമായ 4 ജല വൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ 128.75 മെഗാവാട്ടും 11-ാം പഞ്ചവത്സര പദ്ധതികാലത്ത് 25 പുതിയ വൈദ്യുത പദ്ധതികളിലൂടെ 475.15 മെഗാവാട്ടും ഉൾപ്പെടെ ആകെ 603.90 മെഗാവാട്ടിന്റെ സ്ഥാപിത ശേഷി വർദ്ധനവാണ് 11-ാം പദ്ധതികാലത്ത് ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയുടെ വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. ഇവയ്ക്കു പുറമെ സ്വകാര്യമേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികളും വിൻഡ് ഫാമുകളും ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് സ്വകാര്യ മേഖലയിൽ അഗളിയിൽ 7.2 മെഗാവാട്ടിന്റെയും രാമക്കൽമേട്ടിൽ 9.75 മെഗാവാട്ടിന്റെയും വിൻഡ്ഫാമുകൾ നടപ്പിലാക്കി വരുന്നു. സ്വകാര്യ മേഖലയിൽ 43.75 മെഗാവാട്ടിന്റെ 11 ചെറുകിടജലവൈദ്യുത പദ്ധതികളും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) ഏതെല്ലാം എക്സ്റ്റൻഷൻ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; ഇവ ഓരോന്നിൽ നിന്നും എന്തു മാത്രം വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും; | ബി) താഴെ പറയുന്ന 3 എക്സ്റ്റൻഷൻ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്<br>i) നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി-(25 MW,58Mu)<br>ii) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി(100MW,240.50Mu)<br>iii) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി(60MW,153.90Mu) |

| | |
|---|---|
| സി) ഏതെല്ലാം പദ്ധതികൾ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ ജോലികളാണ് നടക്കുന്നത്; | സി) സംസ്ഥാനത്ത് കൂടുതൽ ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 12 പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു. കൂടാതെ 18 പദ്ധതികളുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു. ഇവയ്ക്ക് പുറമെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക പഠനവും നടന്നുവരുന്നു. |
| ഡി) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ? | ഡി) സംസ്ഥാനത്തെ നിലവിലുള്ള ജല വൈദ്യുത പദ്ധതികളിൽ നിന്ന് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി കൂടുതൽ ഡൈവേർഷൻ/ ഓഗ്മെന്റേഷൻ പദ്ധതികളും നിലവിലുള്ള പദ്ധതികളുടെ നവീകരണ പുനരുദ്ധാരണ ജോലികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന കുട്ടിയാർ ഡൈവേർഷൻ പദ്ധതി പൂർത്തിയാകുന്നതോടെ ഇടുക്കി പവർ ഹൗസിൽനിന്നും 37 മില്ല്യൻ യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിയും<br>കൂടാതെ ചെങ്കുളം ഓഗ്മെന്റേഷൻ സ്കീം നടപ്പിലാക്കുന്നതു വഴി നിലവിലുള്ള ചെങ്കുളം പവർ ഹൗസിൽ നിന്നും 85 മില്ല്യൻ യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും<br>പ്രവർത്തനകാലാവധി കഴിഞ്ഞിട്ടുള്ള ജല വൈദ്യുതപദ്ധതികളുടെ പുനരുദ്ധാരണ നവീകരണ ശേഷിവർദ്ധിപ്പിക്കൽ ജോലികളും (RMU Works) വൈദ്യുതി ബോർഡ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം - 1

11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് (2007-08 മുതൽ 2011-12 വരെ) പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ജലവൈദ്യുത പദ്ധതികൾ.

പത്താം പഞ്ചവത്സരപദ്ധതിയിലുൾപ്പെട്ടതും ഇപ്പോൾ പണി നടന്നു വരുന്നതുമായ പദ്ധതികൾ

| | പദ്ധതി | സ്ഥാപിതശേഷി (മെഗാവാട്ട്) | ഉൽപാദന ശേഷി (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി | 100 | 240.50 |
| 2 | നേര്യമംഗലം എക്സ്റ്റൻഷൻ | 25 | 58.00 |
| 3 | കുറ്റ്യാടി ടെയിൽറേസ് | 3.75 | 15.00 |
| 4 | കുട്ടിയാർ ഡൈവേർഷൻ | -- | 37.00 |
| | ആകെ | 128.75 | 350.50 |
| | **പതിനൊന്നാം പദ്ധതിയിലെ പദ്ധതികൾ** | | |
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60.00 | 153.90 |
| 2 | അതിരപ്പിള്ളി | 163.00 | 233.00 |
| 3 | തൊട്ടിയാർ | 40.00 | 99.00 |
| 4 | മാങ്കുളം | 40.00 | 82.00 |
| 5 | അച്ചൻകോവിൽ | 30.00 | 75.80 |
| 6 | ചിന്നാർ | 28.00 | 82.09 |
| 7. | മണിയാർ ടെയിൽ റേസ് | 4.00 | 16.73 |
| 8 | പശുക്കടവ് | 2.00 | 5.36 |
| 9. | പൂഴിത്തോട് | 4.80 | 10.97 |

അനുബന്ധം -1 (contd.)

| | പദ്ധതി | സ്ഥാപിതശേഷി (MW) | ഉത്പാദന ശേഷി (MU) |
|---|---|---|---|
| 10. | വിലങ്ങാട് | 7.5 | 22.63 |
| 11. | ആനക്കാംപൊയിൽ | 7.5 | 22.98 |
| 12. | ചാത്തൻകോട്ടുനട - II | 6.00 | 14.67 |
| 13. | പെരുന്തേനരുവി | 6.00 | 25.77 |
| 14. | ചിമ്മിനി | 2.5 | 6.03 |
| 15. | പീച്ചി | 1.5 | 3.315 |
| 16. | പതങ്കയം | 4.5 | 11.00 |
| 17. | കണ്ടപ്പൻചാൽ | 3.75 | 10.30 |
| 18 | ആഡ്യൻപാറ | 3.50 | 9.01 |
| 19. | ബാരാപോൾ | 21.00 | 51.00 |
| 20 | കക്കാടംപൊയിൽ - II | 5.00 | 11.00 |
| 21 | മാർമല | 6.00 | 19.00 |
| 22 | ചെക്കുളം ടെയിൽറേസ് | 3.60 | 12.56 |
| 23 | കക്കാടംപൊയിൽ | 20.00 | 55.00 |
| 24. | ചെക്കുളം ഓഗ്മെന്റേഷൻ | — | 85.00 |
| 25 | രാമക്കൽമേട് വിൻഡ് ഫാം | 5.00 | |
| | ആകെ | 475.15 | 1117.515 |
| | മൊത്തം | 605.90 | 1468.015 |

അനുബന്ധം - 2

## വിശദമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി DPR തയ്യാറാക്കി വരുന്ന പദ്ധതികൾ

| | | | |
|---|---|---|---|
| 1. | വക്കലാർ | - | 24 MW |
| 2. | പൂയംകുട്ടി | - | 210 MW |
| 3. | പാമ്പാർ | - | 40 " |
| 4 | പോത്തംഫാൾസ് | - | 16 " |
| 5 | ആനക്കാംപൊയിൽ | - | 7.5 " |
| 6. | കണ്ടെൻചാൽ | - | 3.75 " |
| 7. | പിത്താംകയം | - | 4.50 " |
| 8 | അപ്പർ കല്ലാർ | - | 2.0 " |
| 9. | പീച്ചാട് | - | 3.0 " |
| 10. | മാർമല | - | 6.0 " |
| 11. | ചെമ്പുക്കടവ് - III | - | 6.0 " |
| 12 | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ ടെയിൽറേസ് | - | 3.5 " |
| | ആകെ | | 326.25 MW |

## വിശദമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്ന പദ്ധതികൾ

| | | | |
|---|---|---|---|
| 1. | വൈത്തിരി | - | 60 MW |
| 2. | പൂന്നോല | - | 3 MW |

| | | | |
|---|---|---|---|
| 3. | ഒലിക്കൽ | – | 4 MW |
| 4. | താന്നൻപാറ | – | 35 MW |
| 5 | പാൻചൂരം ഭേഡിമൈഷൻ | – | 20.6 " |
| 6. | കക്കാടം പൊയിൽ I | – | 20 " |
| 7 | കക്കാടം പൊയിൽ II | – | 5 " |
| 8 | കണ്ണൻകുഴി | – | 10 " |
| 9. | കള്ളമല | – | 9 " |
| 10. | ഭൂതാളി | – | 40 " |
| 11 | ആരിക്കടവ് | – | 1.5 " |
| 12. | ഇരവ്വുഴ | – | 5 " |
| 13. | ഇവാരഗിരി | – | 2.7 " |
| 14. | തൃളില - II | – | 10.5 " |
| 15. | വാലൻതോട് | – | 2.7 " |
| 16. | പൂവാരംതോട് | – | 2.0 " |
| 17. | കൊണ്ടൂർകണ്ടി | – | 2.5 " |
| 18. | പഴശ്ശിസാഗർ | – | 30 " |
| | ആകെ | | 263.50 മെഗാവാട്ട് |

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 46

26-2-2008 ൽ മറുപടിക്ക്

## ഗ്രാൻ്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

**ചോദ്യം**

ശ്രീ. പി. കൃഷ്ണപ്രസാദ്:
ശ്രീ. കെ.ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സാജുപോൾ:

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും
വകുപ്പു മന്ത്രി)

എ) ടൂറിസം വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗ്രാൻ്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ മുഖേന കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ;

എ) കേരളത്തിൽ ഇങ്ങനെയുള്ള ഒരു ഫെസ്റ്റിവൽ നടത്തിയത് ഇതാദ്യമായാണ്. ഷോപ്പിംഗ് ഫെസ്റ്റിവൽ പൂർണ്ണമായും ഉപഭോക്താക്കൾ സ്വാഗതം ചെയ്തു എന്നത് പ്രതീക്ഷിച്ചതിലധികം വ്യാപാരക്കുതിപ്പിന് കാരണമാക്കി. സംസ്ഥാന വാണിജ്യ നികുതി വകുപ്പിൽ നിന്നും ലഭ്യമായ കണക്കുകൾ അനുസരിച്ച് വിദേശ മദ്യ വില്പന നികുതി വരുമാനം ഒഴിവാക്കി സർക്കാരിന് വില്പനനികുതിയിനത്തിൽ 2006 ഡിസംബറിൽ 561 കോടി രൂപയായിരുന്നത്, ഗ്രാൻ്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടന്ന 2007 ഡിസംബർ കാലയളവിൽ മാത്രം 651 കോടിയായി വർദ്ധിച്ചു. അതായത് 90 കോടിയുടെ അധിക വരുമാനം ഡിസംബർ മാസം മാത്രം സർക്കാരിന് ലഭ്യമായി. 1-1-2008 മുതൽ 15-1-2008 വരെയുള്ള കണക്കുകൾ ഇനിയും ലഭ്യമായി വരുന്നതേയുള്ളൂ. ഗ്രാൻ്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംസ്ഥാനത്ത് ഒരു പുതിയ ഷോപ്പിംഗ് സീസണിന് തുടക്കം കുറിച്ചതായി മനസ്സിലാക്കാം. നേരത്തെ ഉദ്ദേശിച്ചിരുന്നതുപോലെ അടുത്ത അഞ്ചു വർഷം കൊണ്ട് ഈ പദ്ധതി പൂർണ്ണതയിലെത്തും എന്നതിൻ്റെ ശുഭ സൂചനയായി ഇതിനെ കാണാം. ഷോപ്പിംഗ് ഫെസ്റ്റിവലിൽ സമ്മാനങ്ങൾ ലഭിക്കുവാൻ ബിൽ നിർബന്ധമാക്കിയതിനാൽ ഉപഭോക്താക്കൾ കർശനമായും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും

| | |
|---|---|
| | അത് നിർബന്ധമായി ചോദിച്ചുവാങ്ങുന്ന അവസ്ഥ ഉണ്ടാക്കിയത് നികുതി വരുമാനം വർദ്ധിപ്പിക്കുവാനും കാരണമായി. |
| ബി) ഫെസ്റ്റിവലിൽ എത്ര സ്ഥാപനങ്ങൾ പങ്കെടുത്തു; എത്ര കോടി രൂപയുടെ വില്പന നടന്നു; | ബി) 1. വ്യാപാര, വ്യവസായ, വാണിജ്യ സ്ഥാപനങ്ങളും, പരമ്പരാഗത വ്യവസായ കേന്ദ്രങ്ങളും ആയുർവ്വേദ റിസോർട്ടുകളും ഉൾപ്പെടെ 2196 സ്ഥാപനങ്ങൾ ഈ ഫെസ്റ്റിവലിന്റെ ഭാഗമായി<br>2. വില്പനയുടെ വിശദാംശങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. |
| സി) മേളയിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങൾ നൽകുന്നതിന് സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചു; | സി) മേളയിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങൾ നൽകുന്നതിന് സർക്കാർ ഏകദേശം 6 കോടി രൂപ ചെലവഴിച്ചു. |
| ഡി) വിദേശ ടൂറിസ്റ്റുകളെ കൂടി ആകർഷിക്കാൻ കഴിയും വിധം ഫെസ്റ്റിവൽ വിപുലമായി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) കേരളത്തിന്റെ തനത് ഉല്പന്നങ്ങളായ കയർ, കൈത്തറി, കരകൗശല വസ്തുക്കൾ എന്നിവയുടെ പ്രചാരണത്തിനും വിപണനത്തിനും മേള പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | ഇ) കേരളത്തിന്റെ തനത് ഉല്പന്നങ്ങളായ കയർ, കൈത്തറി, കരകൗശല വസ്തുക്കൾ എന്നിവയുടെ പ്രചാരണത്തിനും വിപണനത്തിനും മേള പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ ശ്രമിക്കുന്നതാണ്; |
| എഫ്) അടുത്ത ഫെസ്റ്റിവൽ എന്ന് സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | എഫ്) തീരുമാനിച്ചിട്ടില്ല. |

Sreenath Kh

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 47

26.02.2008-ൽ മറുപടിക്ക്.

'ജനമൈത്രി സുരക്ഷാ പദ്ധതി'

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ജെ. തങ്കപ്പൻ<br>ശ്രീ. എം. ചന്ദ്രൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | : (എ) ജസ്റ്റീസ്.കെ.ടി.തോമസ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഘട്ടംഘട്ടമായി കേരളത്തിൽ നടപ്പിൽ വരുത്തുന്ന പദ്ധതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതി. കുറ്റകൃത്യങ്ങൾ പ്രാദേശികമായി തടയുന്നതിനും സമൂഹത്തിന്റെയും പോലീസിന്റെയും സ്വത്തുവകകൾ സംരക്ഷിക്കുന്നതിനും, സമൂഹത്തിലെ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള പോരാട്ടത്തെ നേരിടുന്നതിന് പ്രാദേശിക സമൂഹത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ് |

(Cntd.........2/-)

ജനമൈത്രി സുരക്ഷാ പദ്ധതി. കുറ്റകൃത്യങ്ങൾ തടയുക, ജനങ്ങളും പോലീസും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സുരക്ഷ സംബന്ധിച്ച് വിവിധ ജനവിഭാഗങ്ങൾ തമ്മിൽ സഹകരണം ഉണ്ടാക്കുക എന്നിവയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സാമൂഹിക-സാംസ്കാരിക പ്രവർത്തകരും ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളെയും ഭാഗഭാക്കാക്കുന്ന ഒരു പദ്ധതിയാണിത്.

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; പദ്ധതിക്കായി കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടം കേരളത്തിലെ 14 കേന്ദ്രങ്ങളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു കോർപ്പറേഷനുകളിലും താഴെ പറയുന്ന 11 മുൻസിപ്പാലിറ്റികളിലുമാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

| മുൻസിപ്പാലിറ്റി | ജില്ല |
|---|---|
| 1. പരവൂർ | കൊല്ലം |
| 2. ചേർത്തല | ആലപ്പുഴ |
| 3. അടൂർ | പത്തനംതിട്ട |
| 4. വൈക്കം | കോട്ടയം |
| 5. ഇരിങ്ങാലക്കുട | തൃശ്ശൂർ |
| 6. ഒറ്റപ്പാലം | പാലക്കാട് |
| 7. തൊടുപുഴ | ഇടുക്കി |
| 8. കൽപ്പറ്റ | വയനാട് |
| 9. പെരിന്തൽമണ്ണ | മലപ്പുറം |
| 10. പയ്യന്നൂർ | കണ്ണൂർ |
| 11. കാസറഗോഡ് | കാസറഗോഡ് |

ഈ പദ്ധതിയ്ക്കായി കേന്ദ്രസഹായം ഇപ്പോൾ ലഭിക്കുന്നില്ല.

(സി) പദ്ധതി നടപ്പാക്കുന്നതിന് രൂപീകരിക്കുന്ന കമ്മറ്റിയുടെ ഘടന വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് അതാത് പോലീസ് സ്റ്റേഷനുകളിൽ രൂപീകരിക്കുന്ന ജനമൈത്രി സുരക്ഷാ സമിതിയിൽ അതാതു പ്രദേശങ്ങളിലെ ആദരണീയരായ വ്യക്തികൾ വനിതകളിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ, അദ്ധ്യാപകർ, റിട്ടയർ ചെയ്ത ഓഫീസറന്മാർ, വിമുക്ത ഭടന്മാർ, കോർപ്പറേഷൻ/വാർഡ് കൗൺസിലർ, വ്യാപാരികൾ, സർക്കാരേതര സംഘടനകൾ, തൊഴിലാളി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, കുടുംബശ്രീ ഭാരവാഹികൾ തുടങ്ങിയവരെ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരെ ആരെയും അംഗങ്ങളായി ഉൾപ്പെടുത്താതിരിക്കുവാനും പ്രത്യേകം നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. അതാത് സ്റ്റേഷൻ ഹൗസ് ഓഫീസറന്മാരുടെ സഹായത്തോടെ ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ പേര് നിർദ്ദേശിക്കുകയും ബന്ധപ്പെട്ട ഡി.വൈ.എസ്.പി. പരിശോധിച്ച് സമർപ്പിക്കുകയും ചെയ്യുന്ന പേരുവിവര പട്ടികയിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ഉൾപ്പെടുത്തി ജില്ലാ പോലീസ് സൂപ്രണ്ട് സമിതി രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

(Cmd.........4/-)

| | |
|---|---|
| (ഡി) എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | : (ഡി) എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48 — 28-02-2008 ന് മറുപടിക്ക്

## 'എന്റെ മരം' പദ്ധതിയും 'വഴിയോരത്തണൽ' പദ്ധതിയും

**ചോദ്യം**

ശ്രീ. പള്ളിപ്രം ബാലൻ:
,, എൻ. രാജൻ:
,, വി.എസ്. സുനിൽകുമാർ:
,, കെ. അജിത്:

**ഉത്തരം**

ശ്രീ.ബിനോയ് വിശ്വം
(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) 'എന്റെ മരം' പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) 'എന്റെ മരം' പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 2435307 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(ബി) ഈ വൃക്ഷത്തൈകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തൊക്കെ പദ്ധതികളാണുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഈ വൃക്ഷത്തൈകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി താഴെപ്പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(i) വൃക്ഷത്തൈകൾ നടുന്നതിനും സംരക്ഷിക്കുന്നതിനും കുട്ടികൾക്ക് അദ്ധ്യാപകർ മുഖേന ബോധവൽക്കരണവും നിർദ്ദേശവും നൽകുക.

(ii) വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുള്ള കുട്ടികളെയും, സ്ഥലത്തെയും സംബന്ധിച്ച വിവരങ്ങൾ സ്കൂൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുക.

(iii) കുട്ടികൾക്ക് നൽകിയിട്ടുള്ള കൈപുസ്തകത്തിൽ വൃക്ഷത്തൈകൾക്ക് നൽകുന്ന പരിചരണ പ്രവർത്തനങ്ങൾ, വളർച്ചാ നിരക്ക്, മാറ്റങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുക.

(iv) അദ്ധ്യാപകരും വനം വകുപ്പിലെ ഉദ്യോഗസ്ഥരും ഇടയ്ക്കൊക്കെ നട്ടുപിടിപ്പിച്ചിട്ടുള്ള വൃക്ഷത്തൈകൾ പരിശോധിച്ച് കുട്ടികൾക്ക് ഉപദേശവും മാർഗ്ഗ നിർദ്ദേശവും നൽകുക.

(v) സ്കൂളിൽ ഇതിനായുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക

---2---

(vi) വൃക്ഷത്തൈകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും രക്ഷകർത്താക്കളെയും ഭാഗഭാക്കുകളാക്കുക.

(vii) വൃക്ഷത്തൈകളുടെ വേനൽക്കാല സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള സന്ദേശം കുട്ടികളിലെത്തിക്കാൻ വർണ്ണാഭമായ പോസ്റ്ററുകൾ സ്കൂൾ നോട്ടീസ് ബോർഡിൽ പതിപ്പിക്കുക.

(viii) 'എന്റെ മരം' പദ്ധതി എന്ന ആശയം കൂടുതൽ പ്രാധാന്യത്തോടെ കുട്ടികളിൽ എത്തിക്കാനും കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുമായി കവിതാ രചന, ഉപന്യാസം തയ്യാറാക്കൽ എന്നിവയ്ക്കുള്ള അവസരം നൽകി പ്രോൽസാഹിപ്പിക്കുക.

(ix) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗ്രാമ പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ എന്റെ മരത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ചിത്രരചന നടത്തുവാൻ വേദി ഒരുക്കി പ്രോൽസാഹിപ്പിക്കുക

(സി) ഈ ഗവൺമെൻറ് നടപ്പിലാക്കിയ 'വഴിയോര തണൽ 'പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഏതെല്ലാം സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) ഈ ഗവൺമെൻറ് നടപ്പിലാക്കിയ 'വഴിയോര തണൽ' പദ്ധതിപ്രകാരം സംസ്ഥാനത്ത് 92,226 വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചതിൽ ഇപ്പോൾ 48.21% വൃക്ഷത്തൈകൾ വളർന്നു വരുന്നതായി കണക്കാക്കിയിട്ടുണ്ട്. നിലവിലുള്ള വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനായുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുള്ളതും നശിച്ചുപോയ തൈകൾക്കു പകരം ഉചിതമായ സ്ഥലത്ത് , വരുന്ന നടീൽ സീസണിൽ വലിയ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേ, ജില്ലാ റോഡുകൾ മറ്റ് പ്രധാന റോഡുകൾ എന്നിവക്ക് ഇരുവശങ്ങളിലും ലഭ്യമായ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ മൂലം ദോഷം വരാത്ത രീതിയിൽ ലഭ്യമാകുന്ന റോഡുകളുടെ വശങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 49 | 26.2.2008-ൽ മറുപടിക്ക്

## " ക്രമസമാധാനം മെച്ചപ്പെടുത്താൻ നടപടി "

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ആഭ്യന്തരവും വിനോദ
സഞ്ചാരവും വകുപ്പ് മന്ത്രി.

(എ) ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്തെ ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിനായി താഴെപറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(1) സ്ഥിരമായി ക്രമസമാധാനലംഘനപരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരായി ഗുണ്ടാ നിയമത്തിലെ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(2) ഹൈവേ പോലീസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(3) ജില്ലാ വനിതാ സെല്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(4) രാത്രിയും പകലും കൂടുതൽ പട്രോളിംഗ് പാർട്ടിയെ നിയോഗിക്കുക വഴി പോലീസ് പട്രോളിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(5) ജനമൈത്രി പദ്ധതിയുടെ ആവിഷ്ക്കാരത്തിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനായി ബോധവത്ക്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്.

(6) ഇന്റലിജൻസ് സംവിധാനങ്ങളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(7) കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിലേക്കായി CrPC പ്രകാരമുള്ള മുൻകരുതൽ നടപടികൾ അവശ്യമാണെന്ന് തോന്നുന്ന ഘട്ടങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്.

(8) രഹസ്യമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശക്തവും ഫലപ്രദവുമായ റെയ്ഡുകൾ നടത്തുകയും കുറ്റവാളികളെയും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങളെയും കണ്ടെത്തി കസ്റ്റഡിയിൽ എടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കേസുകൾ തെളിയിക്കുന്ന കാര്യത്തിൽ എന്തു മാത്രം പുരോഗതിയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേസുകൾ തെളിയിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിയും ആവശ്യമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ പോളിഗ്രാഫ് നാർകോ അനാലിസിസ് തുടങ്ങിയ ശാസ്ത്രീയ ചോദ്യം ചെയ്യൽ രീതികൾ അവലംബിക്കുകയും ചെയ്തു വരുന്നുണ്ട്. പ്രത്യേകതരം കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ടി ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഉന്നതതല അന്വേഷണ സംഘങ്ങളെ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി പ്രത്യേക നിരീക്ഷണ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഹവാല ഇടപാടുകളെപ്പറ്റി അന്വേഷിക്കുന്നതിനും അന്തർസംസ്ഥാന അനധികൃത സ്പിരിറ്റ് വ്യാപാരത്തെപ്പറ്റി അന്വേഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉന്നതപോലീസ് സംഘങ്ങൾ ഇതിനുദാഹരണമാണ്. ഈ സംഘങ്ങൾ പ്രവർത്തനമാരംഭിച്ചതോടുകൂടി ഇത്തരം കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതും അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമായിട്ടുള്ളതുമാണ്.

| | |
|---|---|
| (സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ കുറഞ്ഞിട്ടുണ്ടോ ; | (സി) കേരളത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ 2003 മുതൽ 2007 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ വർദ്ധനവ് കാണുന്നുണ്ട് എന്നാൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളിൽ 2003 മുതൽ 2006 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ വർദ്ധനവ് കാണുന്നുണ്ടെങ്കിലും 2007 വർഷത്തോടെ 12 % കുറവാണ് കാണുന്നത്. |
| (ഡി) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ( തടയൽ ) ആക്ട് നടപ്പാക്കിയതിന്റെ ഫലമായി കുറ്റകൃത്യങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് നടപ്പാക്കിയതിന്റെ ഫലമായി സാമൂഹ്യ വിരുദ്ധരുടെ സംഘം ചേർന്നുള്ള കുറ്റകൃത്യങ്ങളിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 60. 26.02.2008 ൽ മറുപടിയ്ക്ക്

തീവ്രവാദ സംഘടനകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.വേണുഗോപാൽ:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) മനുഷ്യാവകാശ സംഘടനകളുടെ പേരിൽ സംസ്ഥാനത്ത് ഇടത് തീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) അപ്രകാരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഇത്തരം സംഘടനകളെ നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) ബാധകമല്ല. |
| സി) ഏതൊക്കെ സംഘടനകളാണ് തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്നതെന്നു പറയുമോ; | സി) രഹസ്യസ്വഭാവമുള്ള ഇത്തരം വിവരങ്ങൾ വെളിപ്പെടുത്തുന്നത് രഹസ്യാന്വേഷണത്തെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ വെളിപ്പെടുത്താനാകില്ല. |
| ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇത്തരം സംഘടനാ പ്രവർത്തകർ സംസ്ഥാനത്ത് എത്തി പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരിൽ എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നു പറയാമോ? | ഡി) ഇത്തരത്തിൽ ചുരുക്കം ചിലരെ സംസ്ഥാനത്തിനകത്ത് നിന്ന് അറസ്റ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവർ കേരളത്തിൽ ഒളിവിൽ കഴിയുകമാത്രമായിരുന്നുവെന്ന് അറിവായിട്ടുണ്ട്. സി.പി.ഐ. മാവോയിസ്റ്റ് നേതാവ് മല്ലരാജ റെഡ്ഡിയെ ആന്ധ്രാപ്രദേശ് പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 51. 26.2.2008 -ൽ മറുപടിക്ക്

## ഹവാല പണമിടപാടുകൾ

| ചോദ്യം: | | ഉത്തരം.: |
|---|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം.<br>ശ്രീ. എ.എം. ആരിഫ്.<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ.<br>ശ്രീ. പി.ടി. എ. റഹിം.<br>ശ്രീ. എ. എം. യൂസഫ്. | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) ഹവാല ഇടപാടിലൂടെ സംസ്ഥാനത്തേയ്ക്ക് ഒഴുകുന്ന പണത്തിന്റെ ഉറവിടവും, വിനിയോഗവും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | : | (എ) ഇല്ല. |
| (ബി) ഹവാല ഇടപാടുകൾ അന്വേഷിക്കുന്നതിന് സർക്കാർ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവർക്ക് നൂതന കുറ്റാന്വേഷണ വിദ്യകൾ സംബന്ധിച്ച് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | : | (ബി) ഉണ്ട്. സംസ്ഥാനത്ത് നടക്കുന്ന ഹവാല ഇടപാടുകൾ നിരീക്ഷിക്കുന്നതിനും ഹവാല പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഒരു മോണിറ്ററിംഗ് സെൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നൂതന കുറ്റാന്വേഷണ വിദ്യകൾ സംബന്ധിച്ച് പരിശീലനം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) ഹവാല ഇടപാടുകൾ സംബന്ധിച്ച് ഈ സർക്കാർ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | : | (സി) ഇരുപത്തി നാല്. |

| | | |
|---|---|---|
| (ഡി) | എത്ര കോടി രൂപയുടെ ഹവാല ഇടപാടുകളാണ് കണ്ടെത്തിയിട്ടുള്ളത്; ഹവാല ഇടപാടുകൾ സംബന്ധിച്ച അന്വേഷണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | : (ഡി) അഞ്ചു കോടി നാൽപ്പതു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി എഴുപത് രൂപയുടെ ഹവാല ഇടപാടുകളാണ് കണ്ടെത്തിയിട്ടുള്ളത്. ഹവാല ഇടപാടുകൾ സംബന്ധിച്ചുള്ള അന്വേഷണം ത്വരിത ഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 52   26.02.2008 ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. എം.കെ. പുരുഷോത്തമൻ: | ശ്രീ എ.കെ. ബാലൻ<br><br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്.<br>സംസ്ഥാനത്തെ വിവിധ പ്രീമെട്രിക് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിലുള്ള നിരക്കിൽ 50% വർദ്ധനവ് വരുത്തി 1.2.08 -ലെ സർക്കാർ ഉത്തരവ് (കൈ)നം.20/08/പജപവ.വിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ആനുകൂല്യങ്ങൾക്ക് 01.04.2008 മുതലാണ് പ്രാബല്യമുള്ളത്. |
| (ബി) മൊത്തം എത്രകോടി രൂപയുടെ ആനുകൂല്യമാണ് കൂടുതലായി നൽകുന്നത് ; | (ബി) പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച ആനുകൂല്യം അനുവദിക്കുവാൻ ഏകദേശം 7050.28 ലക്ഷം രൂപ അധികച്ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് പുതുതായി എന്തെങ്കിലും മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (സി) ഉണ്ട്<br>2007-08 മുതൽ ഗവൺമെന്റ്/പ്രൈവറ്റ് സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് ഫ്രീ സീറ്റിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായം ലഭിക്കും. എന്നാൽ പ്ലസ് 2 വിന് ലഭിച്ച മാർക്കിന്റെ മാത്രം അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് 60% ബെഞ്ച് മാർക്ക് നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത മാനദണ്ഡങ്ങൾ പിൻവലിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ ? | (ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :53 — 26-2-2008-ൽ മറുപടിയ്ക്ക്

## ജനകീയ ടൂറിസം

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ : | | ഉത്തരം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
|---|---|---|---|
| (എ) | ടൂറിസം മേഖല ജനകീയമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ജനകീയ ടൂറിസം നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് | (ബി) | ടൂറിസം പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനായി നിരവധി പദ്ധതികളും പ്രവർത്തനങ്ങളും ഇതിനകം ടൂറിസം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (സി) | ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ - സഹകരണ-എൻ.ജി.ഒ. സ്ഥാപനങ്ങൾക്ക് ഇതിനായി എന്തെല്ലാം ആനുകൂല്യങ്ങളും ധന സഹായങ്ങളും നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ; | (സി) | ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികൾക്ക് നിലവിൽ ആനുകൂല്യങ്ങളും ധന സഹായങ്ങളും നൽകി വരുന്നു. വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

(ഡി) ജനകീയ ടൂറിസം നടപ്പിലാക്കുമ്പോൾ മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) ടൂറിസം വികസന കോഓപ്പറേറ്റീവ് സൊസൈറ്റികൾക്കും ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റികൾക്കും കൂടുതൽ പ്രാധാന്യവും പ്രവർത്തന സാഹചര്യങ്ങളും ഒരുക്കുന്നതിന് സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളിൽ ഇവയെ കൂടി ഉൾപ്പെടുത്തുമോ ;

(ഇ) നിലവിലുള്ള പദ്ധതികളിൽ ഈ ഏജൻസികൾക്കും പങ്കാളികളാകാവുന്നതാണ്.

(എഫ്) ടൂറിസം രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർക്ക് നിലവിൽ വായ്പ സൗകര്യം വളരെ കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ കുറവ് പരിഹരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിക്കാൻ ശ്രമമാരംഭിച്ച

(എഫ്) & (ജി) ടൂറിസം രംഗത്ത് വ്യവസായ സംരംഭകർക്ക് വായ്പ സൗകര്യം കുറവാണെന്ന് സർക്കാർ കരുതുന്നില്ല. എന്നാൽ ഈ രംഗത്ത് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു സ്ഥാപനം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കേരള ടൂറിസം ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷന്റെ രൂപീകരണം സംബന്ധിച്ച നടപടികൾ എതുവരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

മുൻ സർക്കാർ അത്തരത്തിലുള്ള യാതൊരു തീരുമാനവും എടുത്തിരുന്നില്ല.

(എച്ച്) ടൂറിസം രംഗത്തെ സർക്കാർ ഇതര സംരംഭകർക്ക് കൂടുതൽ ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകി സംസ്ഥാനത്ത് ടൂറിസം വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

(എച്ച്) സർക്കാർ ഇതര സംരംഭങ്ങൾക്ക് ഇപ്പോൾത്തന്നെ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ട്രാവൽ ഏജൻസികൾ, അംഗീകൃത റസ്റ്റോറന്റുകൾ, വഴിയോരം പദ്ധതി, മോട്ടൽ, ആയുർവേദ സെന്ററുകൾ തുടങ്ങിയവയ്ക്കൊക്കെ ആനുകൂല്യം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - ൬

1. ടൂറിസം ഡസ്റ്റിനേഷനുകളിലെ മാലിന്യ നിർമ്മാർജ്ജനം

സംസ്ഥാനത്തെ ടൂറിസം ഡസ്റ്റിനേഷനുകളിലെ ശുചിത്വമില്ലായ്മ എപ്പോഴും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. വിനോദ സഞ്ചാരികൾ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷമാണ് തിരഞ്ഞെടുക്കാറുള്ളത്. ഇത് മുന്നിൽ കണ്ടുകൊണ്ട് ടൂറിസം വകുപ്പ് കേരളത്തിലെ എല്ലാ ജില്ലകളിലും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ചിട്ടയായി നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾ തദ്ദേശീയരായ കുടുംബശ്രീ യൂണിറ്റുകളെക്കൊണ്ടും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരവുമാണ് നടത്തിവരുന്നത്.

2. ഉത്തരവാദിത്വ ടൂറിസം

ഉത്തരവാദിത്വ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിലൂടെ കേരളീയ ജനസമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ അഭിവൃദ്ധി എന്ന ലക്ഷ്യം നേടുക എന്നതാണ് കേരള സർക്കാരിന്റെ പുതിയ ടൂറിസം നയത്തിന്റെ കാതൽ. വിദേശ നാണ്യ ശേഖരം വർദ്ധിപ്പിക്കുക എന്നതിനൊപ്പം വരുമാനത്തിന്റെ ഗണ്യമായ പങ്ക് ടൂറിസത്തിലെ വിവിധ മേഖലകളിൽ പങ്കാളികളായ ജനവിഭാഗത്തിന് ഉത്തരവാദിത്വ ടൂറിസം ഉറപ്പാക്കുന്നു. ഒന്നാം ഘട്ടത്തിൽ കോവളം, കുമരകം, തേക്കടി, വയനാട് എന്നീ നാല് ടൂറിസം കേന്ദ്രങ്ങളിൽ പരീക്ഷണാർത്ഥത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള അവസാന ഘട്ടത്തിലാണ്. തദ്ദേശീയരായ കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ ഹോട്ടലുകൾക്ക് ആവശ്യമായ ഉത്പന്നങ്ങൾ പ്രാദേശികമായിത്തന്നെ ശേഖരിച്ചും ഉത്പാദിപ്പിച്ചും വിതരണം നടത്തുക. തദ്ദേശ വാസികളുടെ പങ്കാളിത്തത്തോടെ തനത് സംസ്കാരം, പൈതൃകം, ആചാരങ്ങൾ ഇവയ്ക്ക് പ്രാധാന്യം നൽകി പരിപോഷിപ്പിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

3. ഹോം സ്റ്റേ

ടൂറിസ്റ്റുകൾക്കാവശ്യമായ താമസ സൗകര്യം വീടുകളിൽ തന്നെ ഒരുക്കുന്ന പദ്ധതിയാണ്. ഇതിനായി സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് ഗൈഡൻസും മറ്റും നൽകി വരുന്നു.

4. സുവനീർ വ്യവസായം

സുവനീർ വ്യവസായം വികസിപ്പിക്കുന്നതിന് ഈ രംഗത്തെ സംരംഭകർക്ക് അംഗീകാരം ഏർപ്പെടുത്തുന്നു. കരകൗശല തൊഴിലാളികൾ, എൻ.ജി.ഒ., കുടുംബശ്രീ തുടങ്ങിയവർക്കൊക്കെ സുവനീർ നിർമ്മാണത്തിൽ വേണ്ടത്ര പരിശീലനം നൽകും. ഇതിനകം നൂറിൽപ്പരം സുവനീർ ഡിസൈനുകൾ വകുപ്പംഗീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ കേരളത്തിലെ ബ്രാൻഡുൽപ്പന്നങ്ങൾക്ക് വേണ്ടത്ര പ്രചാരണം നൽകാൻ വകുപ്പ് ശ്രമിക്കും.

5. എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം

തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമങ്ങളിൽ ടൂറിസം സാധ്യതകളുള്ള പ്രദേശങ്ങളുടെയും പുതിയ ടൂറിസം ഉൽപന്നങ്ങളുടെ വികസനവും അതുവഴി പ്രസ്തുത ഗ്രാമങ്ങളിൽ ടൂറിസം അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്ന പദ്ധതിയാണ്. ഇതിലൂടെ ഗ്രാമീണമേഖലയ്ക്ക് കൂടുതൽ സ്വയം പര്യാപ്തത കൈവരിക്കാനും അതുവഴി സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ മികവുണ്ടാക്കാനും കഴിയും. പഞ്ചായത്തുകൾ രൂപീകരിക്കുന്ന ഈ പദ്ധതിക്കുള്ള 50 % പരമാവധി 10 ലക്ഷം വരെ ടൂറിസം വകുപ്പ് ധനസഹായം നൽകുന്നതാണ്.

6. വഴിയോരം

വിനോദ സഞ്ചാരികൾക്ക് യാത്രയിലുടനീളം മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന് കേരളത്തിൽ അങ്ങോളമിങ്ങോളം പ്രധാന വീഥികളിൽ നിർമ്മിക്കുന്ന വഴിയോര കേന്ദ്രങ്ങളിൽ റസ്റ്റോറന്റ്, സുവനീർ ഷോപ്പ് തുടങ്ങി നിരവധി സൗകര്യങ്ങൾ ഉണ്ടായിരിക്കും. ഇത് സ്വകാര്യ സംരംഭങ്ങളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ

# അനുബന്ധം - ഡി

താഴെപ്പറയുന്ന ടൂറിസം പദ്ധതികൾക്ക് ടൂറിസം വകുപ്പ് ധന സഹായം നൽകി വരുന്നു.

1. ക്ലാസിഫൈഡ് ഹോട്ടലുകൾ
2. മോട്ടലുകൾ
3. അംഗീകൃത റസ്റ്റോറന്റുകൾ
4. അമ്യൂസ്മെന്റ് പാർക്ക്
5. ടൂറിസം വകുപ്പ് അംഗീകരിച്ച റിക്രിയേഷൻ സെന്ററുകൾ
6. ടൂറിസം കേന്ദ്രങ്ങളിലെ റോപ്പ് വേയ്സ്
7. അംഗീകൃത ടൂർ ഓപ്പറേറ്റർമാർക്ക് ലക്ഷ്വറികാറുകൾ, കോച്ചുകൾ, ബോട്ടുകൾ, എയർക്രാഫ്റ്റുകൾ എന്നിവ വാങ്ങുന്നതിന്.
8. കേരളത്തിലെ പരമ്പരാഗത കലാരൂപങ്ങൾ, കളരിപ്പയറ്റ് എന്നിവ പഠിപ്പിക്കുന്നതിന് സ്കൂളുകൾക്കോ, മറ്റു സ്ഥാപനങ്ങൾക്കോ കൂത്തമ്പലം, ഓഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിന്
9. ഗ്ലൈഡിംഗ്, ട്രെക്കിംഗ്, സർഫിംഗ്, തുടങ്ങിയവ പോലുള്ള ടൂറിസം പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക്
10. ടൂറിസം പ്രാധാന്യമുള്ള ആയുർവേദ സെന്ററുകൾക്ക്
11. പരമ്പരാഗത രീതിയിലുള്ള ചുണ്ടൻവള്ളം, കെട്ടുവള്ളം, ഹൗസ് ബോട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനായി.
12. കേന്ദ്ര സംസ്ഥാന ടൂറിസം വകുപ്പുകൾ അംഗീകരിച്ച ഹാന്റിക്രാഫ്റ്റ്സിന് മാത്രമായിട്ടുള്ള എംപോറിയം
13. ഗ്രിഹസ്ഥലി പദ്ധതി (പുരാതനവും ടൂറിസം പ്രാധാന്യവുമുള്ള വീടുകളുടെ മെയിന്റനൻസ്)
14. വഴിയോരം പദ്ധതി
15. ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിർമ്മാർജ്ജനം
16. ഫാം ടൂറിസം പദ്ധതി

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : **54** | 26.02.2008-ൽ മറുപടിക്ക്.

## പോലീസ് സുരക്ഷാ കമ്മീഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീമതി. ഇ. എസ്. ബിജി മോൾ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് സുരക്ഷാ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് രൂപീകരിച്ചത് ; ഇതിനകം എത്ര യോഗങ്ങൾ ചേർന്നു ; | : (എ) രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് നോട്ടിഫിക്കേഷൻ നമ്പർ: ജി.ഒ.(എം.എസ്.): 15/2008/ആഭ്യ. തീയതി 17.01.2008 പ്രകാരം 17.01.2008-നാണ് സുരക്ഷാ കമ്മീഷൻ നിലവിൽ വന്നത്. കമ്മീഷന്റെ പ്രഥമയോഗം 22.01.2008-ൽ ചേർന്നിട്ടുണ്ട്. |
| (ബി) ജനമൈത്രി സുരക്ഷാപദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നുമുതൽ ആരംഭിയ്ക്കുമെന്ന് വെളിപ്പെടുത്തുമോ ; | : (ബി) ആരംഭിച്ചിട്ടില്ല. ഈ പദ്ധതി ഘട്ടംഘട്ടമായി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

(Contd.........2/-)

| | |
|---|---|
| (സി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | : (സി) പോലീസ് സേനയും, പൊതുജനങ്ങളുമായുള്ള പരസ്പര സഹകരണവും, ധാരണയും മെച്ചപ്പെടുത്തുകയും, സമൂഹത്തിൽ കുറ്റകൃത്യങ്ങൾ തടയുകയും, ജനങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ജനങ്ങളോട് കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുകയുമാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. കൂടാതെ നിരവധി പൊതുജന സേവന മേഖലകളിൽ പോലീസിന്റെ സേവനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നു. |
| (ഡി) ഈ പദ്ധതിയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | : (ഡി) ഈ പദ്ധതിക്കുവേണ്ടി പ്രത്യേക കേന്ദ്രസഹായം ലഭിച്ചിട്ടില്ല. |

[illegible]

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 55**

**26.02.2008 - ൽ മറുപടിയ്ക്ക്**

**നബാർഡ് പുനർ വായ്പ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വർക്കല കഹാർ :<br>പ്രൊഫ: കെ.വി. തോമസ് : | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാന സഹകരണബാങ്കിന് നബാർഡ് നൽകിവന്ന പുനർ വായ്പ 2007-ൽ എപ്പോഴെങ്കിലും നിർത്തിവച്ചിട്ടുണ്ടോ ; | (എ) | 2007 വർഷത്തിൽ ഹ്രസ്വകാല കാർഷിക വായ്പയുടെ 35% പുനർ വായ്പയായി നബാർഡ് നൽകുന്നുണ്ട്. ദീർഘകാല വായ്പകൾ നിർത്തി വച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതു തിയതി മുതൽ എന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പുനർ വായ്പ നിർത്തിവച്ചിട്ടില്ല. എന്നാൽ 28.12.2005 -ന് ശേഷം ദീർഘകാല കാർഷിക/കാർഷികേതര വായ്പകൾക്ക് നബാർഡ് പുനർ വായ്പ ലഭ്യമാക്കുന്നില്ല. |
| (സി) | നബാർഡ് പുനർ വായ്പ നിർത്തി വെയ്ക്കാനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ ; നബാർഡ് നൽകുന്ന പുനർ വായ്പ ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | നബാർഡിന്റെ പുനർ വായ്പയുടെ അർഹതാ മാനദണ്ഡപ്രകാരം നിഷ്ക്രിയ ആസ്തി 20%-ൽ കവിയരുത്. സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 2005-2006-ൽ 30% അടുത്തായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് പുനർ വായ്പയ്ക്ക് അർഹതയില്ലായെന്ന് നബാർഡ് അറിയിച്ചത്. അതുകൊണ്ടാണ് ദീർഘകാല കാർഷിക/കാർഷികേതര വായ്പകൾക്ക് നബാർഡ് പുനർ വായ്പ നിർത്തിവച്ചത്.<br>ചെറുകിട ജലസേചന പദ്ധതി, ഭൂമി |

GOVERNMEN

കാർഷികയോഗ്യമാക്കുക, കൈത്തറി. കയർ തുടങ്ങിയ വ്യവസായങ്ങളെ സഹായിക്കുക, സ്വയം സഹായ സംഘങ്ങൾ, നബാർഡിന്റെ ഗ്രാമീണ ഭവന പദ്ധതി, ഐ.ആർ.ഡി.പി. വായ്പ, ഫിഷറീസ്, ക്ഷീര വ്യവസായം, തോട്ടവിളകൾ, ബയോഗ്യാസ്, പൗൾട്രിഫാം തുടങ്ങിയ മേഖലകളിലാണ് പുനർ വായ്പ ഉപയോഗിക്കുന്നത്.

(vii) നബാർഡ് പുനർ വായ്പ നിർത്തി വെച്ചതു കാരണം ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്കും അവയുടെ കീഴിലുള്ള പ്രാഥമിക ബാങ്കുകൾക്കും കാർഷിക വായ്പ കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(vii) [illegible] നിക്ഷേപത്തിന്റെ [illegible] 21.7.1999 മുതൽ പാലക്കാട്, എറണാകുളം എന്നീ ജില്ലാ ബാങ്കുകൾക്ക് എതിരായി നബാർഡ് ഏർപ്പെടുത്തിയ പുനർ വായ്പയിന്മേലുള്ള വിലക്ക് 3.1.2008-ൽ ഒഴിവാക്കുകയും ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11-ാം വകുപ്പിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാത്തതിനാൽ കഴിഞ്ഞ നാല് വർഷം കോട്ടയം ജില്ലാ സഹകരണ ബാങ്കിനുണ്ടായിരുന്ന വിലക്ക് 07/2007-ൽ നീക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് വിലക്ക് കാരണം പുനർ വായ്പ ലഭിച്ചിരുന്നില്ലെങ്കിലും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സ്വന്തം ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പ കർഷകർക്ക് നൽകിയിട്ടുണ്ട്. എറണാകുളം, കോട്ടയം ജില്ലാ സഹകരണ ബാങ്കുകൾക്ക് പുനർവായ്പ ലഭിക്കാത്തതു കാരണം പ്രസ്തുത ജില്ലകളിലെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്ക്


GOVERNME

ആവശ്യാനുസരണം കാർഷിക വായ്പ നൽകുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 3.1.2008-നു ശേഷം എറണാകുളം, കോട്ടയം ജില്ലാ സഹകരണ ബാങ്കുകൾക്ക് പുനർവായ്പ പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡുമായി ആവർത്തിച്ച് ചർച്ച നടത്തിയതിന്റെ ഫലമായി പുനർ വായ്പയ്ക്ക് 1999 മുതൽ നബാർഡ് ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56 — 26-02-2008 ന് മറുപടിക്ക്

## വന സംരക്ഷണം

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. എ.കെ.ചന്ദ്രൻ:<br>,, രാജാജി മാത്യു തോമസ്:<br>,, പി. തിലോത്തമൻ:<br>,, എൻ. രാജൻ:<br>,, ബാബുപോൾ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വന സംരക്ഷണത്തിനും മരം വച്ചുപിടിപ്പിക്കുന്നതിനും ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്തു നടന്നു വരുന്നത്; | (എ) സംസ്ഥാനത്ത് ആകെയുള്ള വന പ്രദേശം 24 ടെറിട്ടോറിയൽ വനം ഡിവിഷനുകളുടെയും 12 വന്യജീവി സംരക്ഷണ ഡിവിഷനുകളുടെയും കീഴിൽ സംരക്ഷിച്ചു വരുന്നു. വനസംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി 1988 - ൽ ഫോറസ്റ്റ് സ്റ്റേഷൻ സമ്പ്രദായം പ്രാബല്യത്തിൽ വരുത്തി. വനം കയ്യേറ്റം, അനധികൃതമരം മുറി, വന്യജീവി വേട്ടയാടൽ, കഞ്ചാവ് കൃഷി, കാട്ടുതീ തുടങ്ങിയ വന നശീകരണ പ്രവർത്തനങ്ങളിൽ നിന്നും വനങ്ങളെ പരിരക്ഷിച്ചു വരുന്നു. ജന പങ്കാളിത്തത്തോടെ വനസംരക്ഷണം കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്.<br>മരം വച്ചുപിടിപ്പിക്കുന്നതിന് വനം വകുപ്പ് വനത്തിനുള്ളിൽ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ സ്കീം, ദേശീയ വനവൽക്കരണ പദ്ധതി ഉൾപ്പെടെയുള്ള വിവിധ സ്കീമുകളിലായി ക്ഷയോന്മുഖമായ വനപ്രദേശങ്ങളിൽ വനവൽക്കരണം നടത്തിവരുന്നുണ്ട്. കൂടാതെ വനേതര പ്രദേശങ്ങളിൽ 'എന്റെ മരം', 'വഴിയോര തണൽ', 'ഹരിത തീരം' എന്നീ പദ്ധതികളിലൂടെയും മരം വച്ചു പിടിപ്പിക്കുന്നുണ്ട്. |
| (ബി) കേന്ദ്ര വനസംരക്ഷണ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) ഈ നിയമം കാര്യക്ഷമമായി നടപ്പാക്കി വന നശീകരണം തടയുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (സി) വന പരിപാലനം കാര്യക്ഷമമാക്കുന്നതിനായി വനഭൂമികളിലെ വനേതര പ്രവർത്തികൾ നിയന്ത്രിക്കുന്നതിനാണ് 1980 - ലെ കേന്ദ്ര വന സംരക്ഷണ നിയമം ലക്ഷ്യമിടുന്നത്. ഈ നിയമ പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ വളരെ അത്യന്താപേക്ഷിതമായ കാര്യങ്ങൾക്ക് മാത്രമേ വനഭൂമി വിട്ട് കൊടുക്കുന്നുള്ളൂ.<br><br>വനേതര ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിക്കുമ്പോൾ നഷ്ടമാകുന്ന പരിസ്ഥിതി മൂല്യത്തിന് പരിഹാരമായി നെറ്റ് പ്രസന്റ് വാല്യൂ തുക ഏജൻസിയിൽ നിന്നും ഈടാക്കുന്നതാണ്. ഈ തുക കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മറയൂരിലെ ചന്ദന കാടുകൾ സംരക്ഷിക്കുന്നതിനും വന്യജീവികളുടെ സഞ്ചാര പഥങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ അനധികൃത 'മരം മുറി തടയൽ, കാട്ടുതീ തടയൽ, വനകയ്യേറ്റം തടയൽ ' എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) വനാതിർത്തികളിൽ താമസിക്കുന്ന വരുടേയും വനവാസികളുടെയും സഹകരണം വന സംരക്ഷണത്തിനായി ഉപയോഗിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) ഉണ്ട്.<br><br>വന വികസന സമിതികൾ/ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ/ വന സംരക്ഷണ സമിതികൾ എന്നിവയിലെ അംഗങ്ങൾ വനങ്ങളുടെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവരും വനവാസികളുമാണ്. ഈ സമിതികൾ/കമ്മിറ്റികൾ അവയുടെ പ്രവർത്തന പരിധിയിലുള്ള വന പ്രദേശങ്ങൾ സംരക്ഷിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 57 | 26.02.2008-ൽ മറുപടിക്ക്.

**ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴിക്കാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ; | : (എ) ഉണ്ട്. പോലീസ് സേനയും പൊതുജനങ്ങളുമായുള്ള പരസ്പര സഹകരണവും പരസ്പര ധാരണയും മെച്ചപ്പെടുത്തുകയും സമൂഹത്തിൽ കുറ്റകൃത്യങ്ങൾ തടയുകയും ജനങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ജനങ്ങളോട് കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. കൂടാതെ നിരവധി പൊതുജനസേവന മേഖലകളിൽ പോലീസിന്റെ സേവനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നു. |
| (ബി) ഈ പദ്ധതി എന്നുമുതൽ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ; | : (ബി) 2008 ഏപ്രിൽ മാസത്തിനകം പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

(Ctnd.........2/-)

| | | |
|---|---|---|
| (സി) സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | : | (സി) ഈ പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

നിയമസഭ ചോദ്യം നം:58

26.2.2008-ൽ മറുപടിയ്ക്ക്

"ക്ഷേത്രങ്ങളോടനുബന്ധിച്ച് ഗ്രന്ഥാലയങ്ങൾ"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. ജി. സുധാകരൻ<br>സഹകരണവും കയറും ദേവസ്വവും<br>വകുപ്പ് മന്ത്രി. |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ലൈബ്രറികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ)തുടങ്ങുന്ന കാര്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിനെ ഒന്നും അറിയിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ? | (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

Sudhakaran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 59 — 26-2-2008 ലെ മറുപടിക്ക്

പവർ കട്ടും ലോഡ്ഷെഡ്ഡിംഗും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. എ.കെ.ബാലൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പവർ കട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ വൈദ്യുതിയുടെ ആവശ്യകത കഴിഞ്ഞ വർഷത്തേക്കാൾ 8% ത്തോളം വർദ്ധിച്ചിട്ടുണ്ട്. അതായത് പീക്ക് ലോഡ് ഡിമാന്റിൽ 200 മെഗാവാട്ടോളം വർദ്ധനവാണ് വന്നിട്ടുള്ളത്. വരും വേനൽക്കാല മാസങ്ങളിൽ വൈദ്യുതിയുടെ ഉപഭോഗം പ്രത്യേകിച്ച് പീക്ക് സമയത്തെ ആവശ്യകത വീണ്ടും വർദ്ധിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്. കേന്ദ്ര അനുവദിക്കപ്പെടാത്ത പൂളിൽ നിന്നുള്ള വൈദ്യുതി 2007 ഏപ്രിൽ 1 നും ഡിസംബർ 27 നും രണ്ടു തവണയായി വെട്ടിക്കുറക്കുക കൂടി ചെയ്തതോടെ പ്രതിസന്ധി രൂക്ഷമായിട്ടുണ്ട്. സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയും, കേന്ദ്ര വിഹിതവും കൂടാതെ സംസ്ഥാനത്തെ താപവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വില കൂടിയ വൈദ്യുതി പരമാവധി ഉപയോഗിച്ചും വരുംമാസങ്ങളിലെ വർദ്ധിച്ചു വരുന്ന വൈദ്യുതാവശ്യകത പവർകട്ടും ലോഡ്ഷെഡ്ഡിംഗും നടപ്പിൽ വരുത്താതെ നിറവേറ്റാനാണ് ശ്രമിക്കുന്നത്. കേന്ദ്രവിഹിതം പുന: സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട് |
| (ബി) സംസ്ഥാനത്ത് വൈദ്യുതിക്ക് സർചാർജ്ജ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധമായി വൈദ്യുതി ബോർഡ് , വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചി | (ബി) സംസ്ഥാനത്ത് വൈദ്യുതിക്ക് പ്രത്യേകമായി സർചാർജ്ജുകളൊന്നും ഈടാക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല. സർ ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നിർദ്ദേശമൊന്നും സമർപ്പിച്ചിട്ടില്ല. |

ണ്ടോ ; വിശദാംശങ്ങൾ വ്യക്തമാ
ക്കാമോ ;

| | |
|---|---|
| (സി) വൈദ്യുതി ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായി പ്രശസ്ത സിനിമാതാരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പരിപാടി ആസൂത്രണം ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) ഉണ്ട്. വൈദ്യുതി ഉപഭോഗത്തിലെ പാഴ്ച്ചെലവ് ഒഴിവാക്കുന്നതിനായി ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി പ്രശസ്ത സിനിമാതാരങ്ങളെ ഉൾപ്പെടുത്തി ലഘു വീഡിയോ ചിത്രങ്ങൾ നിർമ്മിച്ച് വിവിധ ചാനലുകൾവഴി സംപ്രേക്ഷണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 60      26.02.2008 ൽ മറുപടിയ്ക്ക്

## ആദിവാസി മേഖലകളിലെ പിന്നോക്കാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.പി.മോഹനൻ | ശ്രീ.എ.കെ. ബാലൻ<br>(ബഹു. പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ആദിവാസി മേഖലകളിൽ യാത്രാ സൗകര്യം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം തുടങ്ങിയ രംഗങ്ങളിൽ ഭൗതിക സാഹചര്യം നന്നേ പരിമിതമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പിന്നോക്കാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) ആദിവാസി മേഖലകളിലെ പ്രധാനപ്പെട്ട ഭൗതിക സാഹചര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. വനത്തിനുള്ളിലും ഉൾപ്രദേശങ്ങളിലും മറ്റും താമസിച്ചു വരുന്ന വിഭാഗങ്ങൾക്കായി ലഭ്യമായ വിഭവശേഷി വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. |

ആദിവാസി മേഖലകളിലെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കോളനി റോഡുകൾ, പാലങ്ങൾ, നടപ്പാലങ്ങൾ മുതലായവ നിർമ്മിക്കുകയും, നിലവിലുള്ളവ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 2006-07, 2007-08 വർഷങ്ങളിലായി 26 കോളനി റോഡുകളും, 7 പാലങ്ങൾ/നടപ്പാലങ്ങളും നിർമ്മിക്കുകയും, ഇതിനായി ആകെ 3.25 കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്.

ആദിവാസി മേഖലയിലെ ആരോഗ്യ സേവനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട് ഇതിന്റെ ഭാഗമായി 13 സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ, വകുപ്പിന്റെ 17 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, 4 ഔട്ട് പേഷ്യന്റ് ക്ലിനിക്കുകൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആദിവാസി മേഖലയിൽ ആരോഗ്യ വകുപ്പിന്റെ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ പ്രോഗ്രാം (NRHM), ആരോഗ്യ സബ് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുണ്ടായിരുന്ന വയനാട് നല്ലൂർനാട്, അട്ടപ്പാടി ആശുപത്രികൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിലേക്ക് 2007 വർഷം ആരോഗ്യവകുപ്പിന് കൈമാറുകയുണ്ടായി. ഇതിനുപരി സംസ്ഥാന

മത്ത എല്ലാ പ്രധാനപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സയ്ക്കായി എത്തുന്ന ആദിവാസികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ നൽകുന്നതിനുള്ള 10 കോടി രൂപയുടെ ഒരു പുതിയ സമഗ്ര ചികിത്സാപദ്ധതിയും 2007-08 വർഷം മുതൽ നടപ്പാക്കി വരുന്നുണ്ട്.

ആദിവാസി മേഖലകളിൽ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിലേക്ക് വകുപ്പിന്റെ കീഴിൽ 111 പ്രീ മെട്രിക് ഹോസ്റ്റലുകൾ, മൂന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 18 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, 3 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, 32 ഏകാധ്യാപക വിദ്യാലയങ്ങൾ, പ്രാക്തന വർഗക്കാർക്കു മാത്രമായുള്ള 27 സെന്ററുകൾ, 37 നഴ്സറികൾ/ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകൾക്കും, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഘട്ടം ഘട്ടമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിച്ച 9 കോടി രൂപ വിനിയോഗിച്ച് വയനാട്, പാലക്കാട് (അട്ടപ്പാടി) ജില്ലകളിലെ പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ എന്നിവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 50-ൽ പരം പ്രോജക്ടുകൾ ഇതിനകം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ അധിക കേന്ദ്ര സഹായം ലഭിച്ച 6.50 കോടി രൂപ വിനി

യോഗിച്ച് വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്.

സംസ്ഥാനത്തെ ആകെയുള്ള 4,082 പട്ടികവർഗ കോളനികളിൽ ഏകദേശം 1,280-ൽ പരം കോളനികളിൽ ഇനിയും കുടിവെള്ള പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ഇതിനായി വകുപ്പിന്റെ കോർപ്പസ് ഫണ്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്, കേന്ദ്ര സഹായ ഫണ്ട് എന്നിവ വിനിയോഗിച്ചുള്ള പദ്ധതികളും, ജല നിധി, കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളും ആദിവാസി മേഖലകളിൽ നടപ്പാക്കി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിച്ച 12.50 കോടി രൂപ വിനിയോഗിച്ച് വയനാട് ജില്ലയിലെ 10 പഞ്ചായത്തുകളിൽ ഗിരിധാര കുടിവെള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കൂടാതെ ഇടുക്കി ജില്ലയിലെ പട്ടികവർഗ മേഖലയിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് 2.03 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചുവരുകയാണ്. 2006-2007, 2007-2008 വർഷങ്ങളിൽ വകുപ്പിന്റെ കോർപ്പസ് ഫണ്ടിലെ 42 ലക്ഷം രൂപ വിനിയോഗിച്ച് നാല് കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

ഓരോ വർഷത്തെയും പട്ടികവർഗ ഉപ

പദ്ധതിയിൽ കോളനികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയും, കേന്ദ്ര സഹായവും ഇതര വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് മുൻഗണനാടിസ്ഥാനത്തിൽ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ